നാല്പത്

# ഖുദ്സിയായ ഹദീസുകൾ

(മൂന്നാം പതിപ്പ്)

●

നാല്പത്

# ഖുദ്സിയായ ഹദീസുകൾ

(മൂന്നാം പതിപ്പ്)

ക്രോഡീകരണം

**ഡോ. ഇസ്സുദ്ദീൻ ഇബ്റാഹീം, അബ്ദുൽവദൂദ്**

വിവ: മുഹമ്മദ് സലീം സുല്ലമി

യുവത ബുക്ഹൗസ്

MALAYALAM

TITLE : **40 QUDSIYAYA HADEESUKAL**

CODIFICATION : **IZZUDDEEN IBRAHEEM, ABDUL VADOOD**

TRANSLATOR : C MUHAMMED SALEEM SULLAMI

COVER : MUJEEB KOKKUR & SALIH

FIRST EDITION: MAY 1991

SECOND EDITION: JANUARY 2002

THIRD EDITION : DECEMBER 2009

DTP: MICROPRINT, CALICUT-2

PRINTED AT: KAIRALI OFFSET PRINTS, CLT-2

PRICE: **RS. 28.00**

YBH : 42/- C: 1000

COPYRIGHT RESERVED WITH PUBLISHER

YUVATHA
BOOK HOUSE

P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 2701812

## ■ പ്രസാധകക്കുറിപ്പ്

‘ഖുദ്സിയായ നാല്പത് ഹദീസുകൾ’ എന്ന പേരിൽ അറബിയിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെട്ട പ്രസിദ്ധ കൃതിയുടെ മലയാള വിവർത്തനമാണിത്. വിവിധ ഹദീഥ് ഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ഈ ഹദീഥുകളത്രയും അറിയപ്പെടുന്നവയാണ്. ദീനിന്റെ ആധാരപ്രമാണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണീ ഹദീഥുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. നിത്യജീവിതത്തിൽ ഏറെ മാർഗദർശകമാണ് ഇവയത്രയും.

മുഹമ്മദ് സലീം സുല്ലമി ലളിതമായ ഭാഷയിൽ വിവർത്തനം ചെയ്തുകൊണ്ട് പരമാവധി ഇവ ആകർഷകമാക്കിയിരിക്കുന്നു. വിശ്വാസിയുടെ ജീവിതത്തിന് വഴിവിളക്കാകുമെന്ന പ്രതീക്ഷയോടെ ഈ കൃതിയുടെ മൂന്നാം പതിപ്പ് വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

കോഴിക്കോട്, **ഡയറക്ടർ**
20.12.09 യുവത

## ■ ആമുഖം

ഇസ്‌ലാം മതത്തിന്റെ രണ്ടാം പ്രമാണമാണ് ഹദീഥുകൾ. ഹദീഥുകളിൽ പ്രമുഖസ്ഥാനം വഹിക്കുന്നവയാണ് ഖുദ്സിയ്യായ ഹദീഥുകൾ.

ഇമാം നവവിയുടെ നാല്പത് ഹദീഥുകളുടെ സഹോദ രഗ്രന്ഥമായി ഡോ. ഇസ്സുദ്ദീൻ ഇബ്റാഹീമും (അബൂദാബി), അബ്ദുൽവദൂദും (കയ്റോ) തെരഞ്ഞെടുത്തു ക്രോഡീകരി ക്കുകയും ഇംഗ്ലീഷിലേക്ക് വിവർത്തനം നടത്തുകയും ചെയ്ത 'അൽഅർബഊൻ അൽഖുദ്സിയ്യ' എന്ന ഗ്രന്ഥ ത്തിന്റെ മലയാള വിവർത്തനമാണിത്. പേര് സൂചിപ്പിക്കുന്ന തുപോലെ 40 ഖുദ്സി ഹദീഥുകളാണ് ഈ സമാഹാരത്തിലു ള്ളത്. നൂറുകണക്കിന് ഖുദ്സി ഹദീഥുകളിൽ നിന്ന് തെര ഞ്ഞെടുക്കപ്പെട്ടവയാണിവ. വിശ്വാസം, ആരാധന, സ്വഭാവം, ക്ഷമ, പാപമോചനം, വിചാരണനാൾ തുടങ്ങിയ വിഷയങ്ങ ളിൽ വന്ന റിപ്പോർട്ടുകൾ മേൽ കാണിച്ച ക്രമത്തിൽ ക്രോഡീ കരിക്കുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്.

ലക്ഷക്കണക്കിന് നബിവചനങ്ങളിൽ ചില സവിശേഷത കൾ ഉൾക്കൊള്ളുന്നവയാണ് ഖുദ്സി ഹദീഥുകൾ. പേര് സൂചിപ്പിക്കുന്നതുപോലെ ഖുദ്സ്(പരിശുദ്ധം, ദൈവികം) ആണത്. മറ്റു ഹദീഥുകൾ റസൂലി(സ്വ)ലേക്ക് ചേർത്തുകൊണ്ട് പറയുമ്പോൾ ഖുദ്സി ഹദീഥുകൾ അല്ലാഹുവിലേക്ക് ചേർ ത്താണ് പറയുന്നത്. ഖുദ്സി ഹദീഥുകളുടെ ആശ യം ദൈവ പ്രോക്തവും പദപ്രയോഗങ്ങൾ റസൂലി(സ്വ)ന്റെതുമായിരി ക്കും. ജിബ്‌രീൽ(അ) മുഖേനയോ സ്വപ്നം വഴിക്കോ ഇൽ ഹാം മുഖേനയോ അല്ലാഹു നബി(സ്വ)യെ അറിയിക്കുന്നതാ ണിത്. എന്നാൽ വിശു ദ്ധ ക്വുർആനിന്റെ പദവി ഇതിനില്ല. ക്വുർആൻ ആശയവും പദവുമെല്ലാം തീർത്തും ദൈവികമാ ണ്. അതുകൊണ്ടുതന്നെ ക്വുർആനിന്റെ 'അമാനുഷികത' ഇതിന് അവകാശപ്പെടാവുന്നതല്ല. മറ്റു ഹദീഥുകളിൽ നബി(

സ്വ) തന്നെ പറയുന്ന ശൈലിയിൽ കാര്യങ്ങൾ വിശദീകരിക്കുമ്പോൾ ഖുദ്സി ഹദീഥുകൾ അല്ലാഹു പറയുന്ന ശൈലിയിലാണുള്ളത്. വേറെയും വീക്ഷണങ്ങളും പ്രത്യേകതകളും വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

ഈ ഇനത്തിലുള്ള ഹദീഥുകൾ പ്രധാനമായി രണ്ട് തരമാണുള്ളത്. ഒന്ന്, ആദ്യന്തം അല്ലാഹുവിൽ നിന്നുതന്നെയുള്ള വഹ്യുകൾ. രണ്ട്, നബി(സ്വ)യിൽ നിന്നുള്ള വചനങ്ങളിൽ ഭാഗികമായി അല്ലാഹുവിൽ നിന്നുള്ള വഹ്യും ഉൾക്കൊള്ളുന്നവ. ഈ രണ്ടാമത്തെ ഇനത്തിന് ഈ സമാഹാരത്തിലെ ഒന്നാമത്തെ ഹദീഥ് ഉദാഹരണമാണ്. അതിലെ 'നിശ്ചയം എന്റെ കാരുണ്യം.....' എന്ന ഭാഗമാണ് ഖുദ്സി. ഒന്നാമത്തെ ഇനത്തിനുള്ള ഉദാഹരണമാണ്, ഇതിലെ രണ്ടാമത്തെ ഹദീഥ്.

വിവർത്തനത്തിൽ പരമാവധി സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. അല്ലാഹു ഇതൊരു പുണ്യകർമമായി സ്വീകരിക്കട്ടെയെന്ന് പ്രാർഥിച്ചുകൊണ്ട് നിങ്ങളിലേക്ക് സമർപ്പിക്കുന്നു.

**സി മുഹമ്മദ് സലീം സുല്ലമി**

## സി മുഹമ്മദ് സലീം സുല്ലമി

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമത്തിൽ ജനനം. പിതാവ്: ഹസൈനാർ. മാതാവ്: ഖദീജ. അരീക്കോട് ഓറിയന്റ് ഹൈസ്കൂൾ, സുല്ലമുസ്സലാം അറബികോളെജ് എന്നിവിടങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കി. മേപ്പയൂർ സലഫിയ്യ അറബിക് കോളേജ്, വണ്ടൂർ മസ്ജിദുൽ മുജാഹിദീൻ, സുഊദി അറേബ്യയിലെ ഉനൈസ ഇസ്‌ലാമിക് സെന്റർ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ എടക്കര ഗൈഡൻസ് അറബിക് കോളെജിൽ ജോലിചെയ്യുന്നു.

പണ്ഡിതൻ, എഴുത്തുകാരൻ, പ്രാസംഗികൻ എന്നീ നിലകളിൽ പ്രശസ്തൻ. എടക്കര അൽഹുദ ഇസ്‌ലാമിക് സെന്റർ ജന.സെക്രട്ടറി, കെ ജെ യു അസിസ്റ്റന്റ് സെക്രട്ടറി എന്നീ പദവികൾ വഹിക്കുന്നു. ആനുകാലികങ്ങളിൽ സ്ഥിരമായി എഴുതിവരുന്നു. വ്യത്യസ്ത വിഷയങ്ങളിലായി പതിമൂന്നോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബി കെ മൈമൂനയാണ് ഭാര്യ, അഞ്ചു മക്കളുണ്ട്.

*വിലാസം:*
ഗൈഡൻസ് കോളെജ്
എടക്കര
മലപ്പുറം ജില്ല
ഫോൺ: 04931277264

# ഹദീഥുകളും പരിഭാഷയും

**1**

عَنْ أَبِي هُرَيْرَةَ (ر) قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَمَّا قَضَى اللَّهُ الْخَلْقَ كَتَبَ فِي كِتَابِهِ عَلَى نَفْسِهِ فَهُوَ مَوْضُوعٌ عِنْدَهُ إِنَّ رَحْمَتِي تَغْلِبُ غَضَبِي

(رواه مسلم وكذلك البخاري والنسائي وابن ماجه)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: അല്ലാഹു സൃഷ്ടിപ്പ് നിർവഹിച്ചപ്പോൾ തന്റെ പക്കലുള്ള ഗ്രന്ഥത്തിൽ തന്നെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തി: നിശ്ചയം എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിക്കുന്നു. (മുസ്ലിം, ബുഖാരി, നസാഈ, ഇബ്നു മാജ)

**2**

عَنْ أَبِي هُرَيْرَةَ (ر) عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: قَالَ اللَّهُ كَذَّبَنِي ابْنُ آدَمَ وَلَمْ يَكُنْ لَهُ ذَلِكَ وَشَتَمَنِي وَلَمْ يَكُنْ لَهُ ذَلِكَ فَأَمَّا تَكْذِيبُهُ إِيَّايَ فَقَوْلُهُ لَنْ يُعِيدَنِي كَمَا بَدَأَنِي وَلَيْسَ أَوَّلُ الْخَلْقِ بِأَهْوَنَ عَلَيَّ مِنْ إِعَادَتِهِ وَأَمَّا شَتْمُهُ إِيَّايَ فَقَوْلُهُ اتَّخَذَ اللَّهُ وَلَدًا وَأَنَا الْأَحَدُ الصَّمَدُ لَمْ أَلِدْ وَلَمْ أُولَدْ وَلَمْ يَكُنْ لِي كُفُوًا أَحَدٌ (رواه البخاري وكذلك النسائي)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: അത്യുന്നതനായ അല്ലാഹു പറഞ്ഞു: ആദമിന്റെ പുത്രൻ എന്നെ കളവാക്കി. അവനത് ചെയ്യാൻ അവകാശമില്ലായിരുന്നു. അവനെന്നെ ആക്ഷേപിക്കുകയും ചെയ്തു. അവനത് ചെയ്യാൻ അവകാശമില്ലായിരുന്നു. എന്നാൽ എന്നെ കളവാക്കിക്കൊണ്ടുള്ള അവന്റെ പ്രസ്താവം, എന്നെ ആദ്യം സൃഷ്ടിച്ചതുപോലെ(മരണാനന്തരം) അവനെന്നെ ഒരിക്കലും പുനർജീ

വിപ്പിക്കുകയില്ല എന്നതാണ്. എന്നാൽ അവന്റെ പ്രഥമ സൃഷ്ടിപ്പ് അവനെ പുനരാവിഷ്കരിക്കുന്നതിനെക്കാൾ എനിക്കു കൂടുതൽ എളുപ്പമൊന്നുമല്ല. എന്നാൽ, എന്നെ അധിക്ഷേപിച്ചുകൊണ്ടുള്ള അവന്റെ പ്രസ്താവം, അല്ലാഹു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്നതാണ്. എന്നാൽ ഞാൻ ഏകനാണ്. സർവാധിനാഥനാണ്. ഞാൻ ജനിതാവല്ല. ജാതനുമല്ല. എനിക്ക് തുല്യരായി ആരും തന്നെയില്ല. (ബുഖാരി, നസാഈ)

## 3

عَنْ زَيْدِ بْنِ خَالِدِ الْجُهَنِيِّ (ر) قَالَ: صَلَّى لَنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ صَلَاةَ الصُّبْحِ بِالْحُدَيْبِيَةِ عَلَى إِثْرِ سَمَاءٍ كَانَتْ مِنَ اللَّيْلَةِ فَلَمَّا انْصَرَفَ النبي صلى الله عليه وسلم أَقْبَلَ عَلَى النَّاسِ فَقَالَ لَهُمْ هَلْ تَدْرُونَ مَاذَا قَالَ رَبُّكُمْ! قَالُوا: اللَّهُ وَرَسُولُهُ أَعْلَمُ قَالَ أَصْبَحَ مِنْ عِبَادِي مُؤْمِنٌ بِي وَكَافِرٌ فَأَمَّا مَنْ قَالَ مُطِرْنَا بِفَضْلِ اللَّهِ وَرَحْمَتِهِ فَذَلِكَ مُؤْمِنٌ بِي وَكَافِرٌ بِالْكَوْكَبِ وَأَمَّا مَنْ قَالَ مُطِرْنَا بِنَوْءِ كَذَا وَكَذَا فَذَلِكَ كَافِرٌ بِي وَمُؤْمِنٌ بِالْكَوْكَبِ (رواه البخاري وكذلك مالك والنسائي)

സയ്ദുബ്നു ഖാലിദി(റ)ൽനിന്ന് നിവേദനം: രാത്രി മഴ വർഷിച്ചതിനെ തുടർന്നുള്ള ഒരു പ്രഭാതത്തിൽ അല്ലാഹുവിന്റെ ദൂതൻ ഹുദൈബിയയിൽവെച്ച് ഞങ്ങൾക്ക് സ്വുബ്ഹ് നമസ്കാരത്തിന് നേതൃത്വം നൽകി. നബി(സ്വ) അതിൽ നിന്ന് വിരമിച്ചപ്പോൾ ജനങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു. നിങ്ങൾക്ക് അറിയാമോ നിങ്ങളുടെ നാഥൻ എന്ത് പറഞ്ഞുവെന്ന്? അവർ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനും നന്നായി അറിയുന്നവരാണ്. അവൻ (അല്ലാഹു) പ റഞ്ഞു: ഇന്ന് പ്രഭാതത്തിൽ എന്റെ ദാസന്മാരിൽ എന്നെ വിശ്വസിച്ചവ നും അവിശ്വസിച്ചവനുമുണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ ഔദാര്യം കൊണ്ടും അവന്റെ കാരുണ്യംകൊണ്ടുമാണ് മഴ വർഷിച്ചത് എന്ന് പറഞ്ഞവൻ എന്നെ വിശ്വസിച്ചവനും നക്ഷത്രങ്ങളിൽ (ഞാറ്റുവേലകൾ) അവിശ്വസിച്ചവനുമാണ്. എന്നാൽ നമുക്ക് മഴ വർഷിച്ചത് ഇന്നയിന്ന ഞാറ്റുവേലകൾ മുഖേനയാണെന്ന് പറഞ്ഞവൻ എന്നെ അവിശ്വസിച്ചവനും നക്ഷത്രത്തിൽ (ഞാറ്റുവേല) വിശ്വസിച്ചവനുമാകുന്നു (ബുഖാരി, മാലിക്, നസാഈ)

## 4

عَنْ ابي هُرَيْرَةَ (ر) قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ اللَّهُ: يَسُبُّ بَنُو آدَمَ الدَّهْرَ وَأَنَا الدَّهْرُ بِيَدِي اللَّيْلُ وَالنَّهَارُ (رواه البخاري وكذلك مسلم)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അല്ലാഹു പറഞ്ഞു: ആദമിന്റെ സന്തതികൾ കാലത്തെ ശകാരിക്കുന്നു. എന്നാൽ ഞാനാകുന്നു കാലം. എന്റെ കൈയിലാകുന്നു രാവും പകലും (ബുഖാരി, മുസ്ലിം)

**5**

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ اللَّهُ تَبَارَكَ وَتَعَالَى: أَنَا أَغْنَى الشُّرَكَاءِ عَنْ الشِّرْكِ مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ (رواه مسلم وكذلك ابن ماجه)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: ഉന്നതനും അനുഗ്രഹദാതാവുമായ അല്ലാഹു പറഞ്ഞിരിക്കുന്നു. പങ്കാളികളുടെ പങ്കിന് ഒട്ടും ആവശ്യമില്ലാത്തവനാണ് ഞാൻ. ആരെങ്കിലും മറ്റുള്ളവരെ എന്നോട് പങ്ക്ചേർക്കുന്ന ഒരു പ്രവൃത്തി ചെയ്താൽ അവ നെയും അവന്റെ പങ്കിനെയും ഞാൻ ഉപേക്ഷിക്കുന്നതാണ് (മുസ്ലിം, ഇബ്നുമാജ)

**6**

عَنْ أَبِي هُرَيْرَةَ (ر) قَالَ: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: إِنَّ أَوَّلَ النَّاسِ يُقْضَى يَوْمَ الْقِيَامَةِ عَلَيْهِ رَجُلٌ اسْتُشْهِدَ فَأُتِيَ بِهِ فَعَرَّفَهُ نِعَمَهُ فَعَرَفَهَا قَالَ: فَمَا عَمِلْتَ فِيهَا؟ قَالَ: قَاتَلْتُ فِيكَ حَتَّى اسْتُشْهِدْتُ. قَالَ: كَذَبْتَ وَلَكِنَّكَ قَاتَلْتَ لِأَنْ يُقَالَ جَرِيءٌ فَقَدْ قِيلَ ثُمَّ أُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ حَتَّى أُلْقِيَ فِي النَّارِ. وَرَجُلٌ تَعَلَّمَ الْعِلْمَ وَعَلَّمَهُ وَقَرَأَ الْقُرْآنَ فَأُتِيَ بِهِ فَعَرَّفَهُ نِعَمَهُ فَعَرَفَهَا. قَالَ: فَمَا عَمِلْتَ فِيهَا؟ قَالَ: تَعَلَّمْتُ الْعِلْمَ وَعَلَّمْتُهُ وَقَرَأْتُ فِيكَ الْقُرْآنَ قَالَ: كَذَبْتَ وَلَكِنَّكَ تَعَلَّمْتَ الْعِلْمَ لِيُقَالَ عَالِمٌ وَقَرَأْتَ الْقُرْآنَ لِيُقَالَ هُوَ قَارِئٌ فَقَدْ قِيلَ ثُمَّ أُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ حَتَّى أُلْقِيَ فِي النَّارِ. وَرَجُلٌ وَسَّعَ اللَّهُ عَلَيْهِ وَأَعْطَاهُ مِنْ أَصْنَافِ الْمَالِ كُلِّهِ فَأُتِيَ بِهِ فَعَرَّفَهُ نِعَمَهُ فَعَرَفَهَا قَالَ: فَمَا عَمِلْتَ فِيهَا؟ قَالَ: مَا تَرَكْتُ مِنْ سَبِيلٍ تُحِبُّ أَنْ يُنْفَقَ فِيهَا إِلَّا أَنْفَقْتُ فِيهَا لَكَ قَالَ: كَذَبْتَ وَلَكِنَّكَ فَعَلْتَ لِيُقَالَ هُوَ جَوَادٌ فَقَدْ قِيلَ ثُمَّ أُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ ثُمَّ أُلْقِيَ فِي النَّارِ (رواه مسلم وكذلك الترمذي والنسائي)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു. നിശ്ചയം, പുനരുത്ഥാനനാളിൽ മനുഷ്യരിൽ നിന്ന് ആദ്യമായി ശിക്ഷ നടപ്പാക്കപ്പെടുന്നത് രക്തസാക്ഷിത്വം വരിച്ച ഒരുവന് എതിരായിട്ടായിരിക്കും. അങ്ങനെ അവനെ അല്ലാഹുവിന്റെ സന്നിധിയിൽ കൊണ്ടുവരികയും അവന് ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുമ്പോൾ അവനത് ബോധ്യപ്പെടുന്നു .(അല്ലാഹു) ചോദിക്കും: നീ അവ എന്തു ചെയ്തു? അവൻ പറയും: രക്തസാക്ഷിയാകുന്നതുവരെ ഞാൻ നിന്റെ മാർഗത്തിൽ യുദ്ധം ചെയ്തു. അല്ലാഹു പറയും: നീ പറഞ്ഞത് കളവാണ്. എന്നാൽ നീ യുദ്ധം ചെയ്തത് 'ധീരൻ' എന്ന് വിളിക്കപ്പെടുവാൻ വേണ്ടിയായിരുന്നു. അങ്ങനെ പറയപ്പെടുകയും ചെയ്തുവല്ലോ. അനന്തരം അവന്റെ കാര്യത്തിൽ കല്പന വരുന്നു. അവനെ മുഖത്തിന്മേൽ വലിച്ചിഴക്കപ്പെടുന്നവനായി നരകത്തിൽ എറിയപ്പെടുന്നു.

(പിന്നീട്) വിദ്യ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ക്വുർആൻ പാരായണം നടത്തുകയും ചെയ്ത ഒരാൾ കൊണ്ടുവരപ്പെടുന്നു. അവന് ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുമ്പോൾ അവനത് ബോധ്യപ്പെടുന്നു. അല്ലാഹു ചോദിക്കും: നീ അവ എന്തു ചെയ്തു? അവൻ പറയും: ഞാൻ അറിവ് പഠിക്കുകയും പഠിപ്പിക്കുകയും നിന്റെ പ്രീതിക്കുവേണ്ടി ക്വുർആൻ പാരായണം നടത്തുകയുംചെയ്തു.

അല്ലാഹു പറയും: നീ പറഞ്ഞത് കളവാണ്. എന്നാൽ നീ വിദ്യ അഭ്യസിച്ചത് 'പണ്ഡിതൻ' എന്ന് വളിക്കപ്പെടാൻ വേണ്ടിയും ക്വുർആൻ പാരായണം ചെയ്തത് 'ഓത്തുകാരൻ' എന്ന് വിളിക്കപ്പെടാൻ വേണ്ടിയുമായിരുന്നു. അങ്ങനെ പറയപ്പെടുകയും ചെയ്തുവല്ലോ. അനന്തരം അവന്റെ കാര്യത്തിൽ കല്പന വരുന്നു. അവനെ മുഖത്തിന്മേൽ വലിച്ചിഴക്കപ്പെടുന്നവനായി നരകത്തിൽ എറിയപ്പെടുന്നു.

(പിന്നീട്) അല്ലാഹുവിനാൽ സർവവിധ സാമ്പത്തിക വിശാലതയും നൽകപ്പെട്ട ഒരു മനുഷ്യനെ കൊണ്ടുവരപ്പെടുന്നു. അവന് ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുമ്പോൾ അവനത് ബോധ്യപ്പെടുന്നു. അല്ലാഹു ചോദിക്കും: നീ അവ എന്തുചെയ്തു? അവൻ പറയും: ചെലവഴിക്കപ്പെടാൻ നീ ഇഷ്ടപ്പെടുന്ന ഒ രു മാർഗവും നിനക്കുവേണ്ടി ചെലവഴിക്കാതെ ഞാൻ വിട്ടേച്ചിട്ടില്ല. അല്ലാഹു പറയും: നീ കളവാണ് പറഞ്ഞത്. നീ അങ്ങനെ ചെയ്തത് 'ഉദാരൻ' എന്ന് വിളിക്കപ്പെടാൻ വേണ്ടിയായിരുന്നു. അങ്ങനെത്തന്നെ വിളിക്കപ്പെടുകയും ചെയ്തുവല്ലോ. അനന്തരം അവന്റെ കാര്യത്തിൽ കല്പന വരുന്നു. അവനെ മുഖത്തിന്മേൽ വലിച്ചിഴക്കപ്പെടുന്നവനായി നരകത്തിൽ എറിയപ്പെടുന്നു. (മുസ്ലിം, തിർമിദി, നസാഈ)

## 7

عَنْ عُقْبَةَ بْنِ عَامِرٍ (ر) قَالَ: سَمِعْتُ رَسُولَ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ يَقُولُ يَعْجَبُ رَبُّكَ مِنْ رَاعِي غَنَمٍ فِي رَأْسِ شَظِيَّة الْجَبَلِ يُؤَذِّنُ بالصَّلَاة وَيُصَلِّي فَيَقُولُ اللَّهُ عَزَّ وَجَلَّ انْظُرُوا إِلَى عَبْدِي هَذَا يُؤَذِّنُ وَيُقِيمُ الصَّلَاةَ يَخَافُ مِنِّي قَدْ غَفَرْتُ لِعَبْدِي وَأَدْخَلْتُهُ الْجَنَّةَ (رواه النسائي بسند صحيح)

ഉക്ബതുബ്നു ആമിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറയുന്നത് ഞാൻ കേട്ടു. പർവത ശിഖിരത്തിൽ ആടിനെ മേയ്ക്കുന്ന ഒരു ഇടയന്റെ കാര്യത്തിൽ നിന്റെ നാഥൻ സന്തോഷിക്കുന്നു. അവൻ നമസ്കാരത്തിന് ബാങ്ക് വിളിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നു. അപ്പോൾ ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറയും: “എന്റെ ഈ ദാസനെ നോക്കൂ. അവൻ നമസ്കാരത്തിന് ബാങ്കു കൊടുക്കുകയും നമസ്കരിക്കുകയും ചെയ്യുന്നു. അവൻ എന്നിൽ ഭക്തിയുള്ളവനാണ്. എന്റെ ദാസന് ഞാൻ പൊറുത്തുകൊടുത്തിരിക്കുന്നു. ഞാനവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. (നസാഈ കുറ്റമറ്റ പരമ്പരയോടുകൂടി നിവേദനം ചെയ്തത്)

## 8

عَنْ أَبِي هُرَيْرَةَ (ر) عَنِ النَّبِيِّ صَلَّى اللَّهُ عَلَيْه وَسَلَّمَ قَالَ: مَنْ صَلَّى صَلَاةً لَمْ يَقْرَأْ فِيهَا بِأُمِّ الْقُرْآنِ فَهِيَ خِدَاجٌ، ثَلَاثًا، غَيْرُ تَمَامٍ فَقِيلَ لِأَبِي هُرَيْرَةَ: إِنَّا نَكُونُ وَرَاءَ الْإِمَامِ فَقَالَ: اقْرَأْ بِهَا فِي نَفْسِكَ فَإِنِّي سَمِعْتُ النبي صَلَّى اللَّهُ عَلَيْه وَسَلَّمَ يَقُولُ: قَالَ اللَّهُ عزوجل: قَسَمْتُ الصَّلَاةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ وَلِعَبْدِي مَا سَأَلَ فَإِذَا قَالَ الْعَبْدُ الْحَمْدُ لِلَّه رَبِّ الْعَالَمِينَ قَالَ اللَّهُ عز وجل: حَمِدَنِي عَبْدِي وَإِذَا قَالَ الرَّحْمَنِ الرَّحِيمِ قَالَ اللَّهُ عز وجل: أَثْنَى عَلَيَّ عَبْدِي وَإِذَا قَالَ مَالك يَوْمِ الدِّينِ قَالَ الله: مَجَّدَنِي عَبْدِي وَقَالَ مَرَّةً فَوَّضَ إِلَيَّ عَبْدِي فَإِذَا قَالَ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ قَالَ هَذَا بَيْنِي وَبَيْنَ عَبْدِي وَلِعَبْدِي مَا سَأَلَ فَإِذَا قَالَ اهْدنَا الصِّرَاطَ الْمُسْتَقِيمَ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ قَالَ هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ (رواه مسلم وكذلك الترمذى وأبو داود والنسائي وابن ماجه)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ആരെങ്കിലും ഉമ്മുൽഖുർആൻ അഥവാ ഫാതിഹ പാരായണം ചെയ്യാതെ നമസ്കാരം നിർവഹിച്ചാൽ അത് ന്യൂനവും അപൂർണവുമാണ്. അവിടുന്ന് മൂന്നുതവണ ഇതാവർത്തിച്ചു. അപ്പോൾ അബൂഹുറയ്റ(റ)യോട് ചോദിച്ചു. ഞങ്ങൾ ഇമാമിന്റെ പിന്നിലായിരുന്നാലോ? അദ്ദേഹം പറഞ്ഞു: അത് സ്വന്തമായി പാരായണം ചെയ്യുക. കാരണം ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറഞ്ഞതായി നബി(സ്വ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

നമസ്കാരം എനിക്കും എന്റെ ദാസനുമിടയിൽ ഇരു പകുതികളായി ഞാൻ ഭാഗിച്ചിരിക്കുന്നു. എന്റെ ദാസൻ ചോദിക്കുന്നതെന്തോ അതവന് ലഭിക്കുന്നതാണ്. 'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' (സ് തുതി മുഴുവനും ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു) എന്ന് ദാസൻ പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ ദാസൻ എന്നെ സ്തുതിച്ചു. അവൻ 'അർറഹ്മാനിർറഹീം' (പരമകാരുണികനും കരുണാനിധിയുമായുള്ളവൻ) എന്ന് പറഞ്ഞാൽ അല്ലാഹു പറയും: എന്റെ ദാ സൻ എന്നെ അതിയായി പുകഴ്ത്തിയിരിക്കുന്നു. അവൻ 'മാലികി യൗമിദ്ദീൻ' (പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ) എന്ന് പറഞ്ഞാൽ അല്ലാഹു പറയും: എന്റെ ദാസൻ എന്നെ മഹത്വപ്പെടുത്തി. മറ്റൊരിക്കൽ അവൻ പറഞ്ഞത് എന്റെ ദാസൻ എന്നെ ഭരമേല്പിച്ചു എന്നാണ്. 'ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ' (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു) എന്ന് പറഞ്ഞാൽ അല്ലാഹു പറയും: ഇത് എന്റെയും എന്റെ ദാസന്റെയുമിടയിലുള്ള കാര്യമാണ്. എന്റെ ദാസൻ ചോദിക്കുന്നത് അവന് ലഭിക്കുന്നതാണ്. 'ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം. സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം ഗയ്രിൽ മഗ്ദ്വൂബി അലയ്ഹിം വലദ്ദ്വാല്ലീൻ' (ഞങ്ങളെ നീ നേർമാർഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ചേർക്കേണമേ, കോപത്തിന്നിരയായവരുടെ മാർഗത്തിലോ പിഴച്ചുപോയവരുടെ മാർഗത്തിലോ അല്ല) എന്ന് പറഞ്ഞാൽ അല്ലാഹു പറയും: ഇത് എന്റെ ദാസനുള്ളതാണ്. എന്റെ ദാസൻ എന്താണോ ചോദിച്ചത് അതവനുണ്ട്. (മുസ്‌ലിം, മാലിക്, തിർമിദി, അബൂദാവൂദ്, നസാഈ, ഇബ്നുമാജ)

## 9

عَنْ أَبِي هُرَيْرَةَ (ر) قال: قال رَسُولِ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ إِنَّ أَوَّلَ مَا يُحَاسَبُ بِه الْعَبْدُ يَوْمَ الْقِيَامَة منْ عَمَله صَلَاتُهُ فَإِنْ صَلُحَتْ فَقَدْ أَفْلَحَ وَأَنْجح وَإِنْ فَسَدَتْ خَابَ وَخَسرَ فَإِنْ انْتَقَصَ منْ فَرِيضَته شَيْءٌ قَالَ الرَّبُّ عَزَّ وَجَلَّ: انْظُرُوا هَلْ لعَبْدِي

مِنْ تَطَوُّعٍ فَيُكَمَّلَ بِهَا مَا انْتَقَصَ مِنْ الْفَرِيضَةِ ثُمَّ يَكُونُ سَائِرُ عَمَلِهِ عَلَى ذَلِكَ (رواه الترمذي وكذلك أبوداود والنسائي وابن ماجه وأحمد)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: പുനരുത്ഥാനനാളിൽ ഒരു ദാസൻ തന്റെ കർമങ്ങളിൽനിന്ന് ആദ്യമാ യി വിചാരണ ചെയ്യപ്പെടുന്നത് നമസ്കാരത്തെക്കുറിച്ചായിരിക്കും. അ ത് നന്നായാൽ അവൻ വിജയം വരിച്ചവനും കാര്യം നേടിയവനുമായി. അതിന് ദൂഷ്യം സംഭവിച്ചാൽ അവൻ പരാജിതനും നഷ്ടക്കാനുമായി ത്തീരും. അവന്റെ നിർബന്ധകർമങ്ങളിൽ വല്ല ന്യൂനത യും സംഭ വിച്ചിട്ടുണ്ടെങ്കിൽ, ഉന്നതനും പ്രതാപവാനുമായ നാഥൻ പറയും: എന്റെ ദാസന്റെ നിർബന്ധകർമങ്ങളിലെ ന്യൂനത പരിഹരിക്കാവുന്ന വല്ല ഐച്ഛികകർമങ്ങളുമുണ്ടോ എന്ന് നോക്കുക. പിന്നീട്, അപ്രകാര മായിരിക്കും അവന്റെ ഇതരകർമങ്ങളും വിചാരണ ചെയ്യപ്പെടുക'' (തിർമിദി, അബൂദാവൂദ്, നസാഈ, ഇബ്നുമാജ, അഹ്മദ്)

## 10

عَنْ أَبِي هُرَيْرَةَ (ر) عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: يَقُولُ اللَّهُ عَزَّ وَجَلَّ: الصَّوْمُ لِي وَأَنَا أَجْزِي بِهِ يَدَعُ شَهْوَتَهُ وَأَكْلَهُ وَشُرْبَهُ مِنْ أَجْلِي، وَالصَّوْمُ جُنَّةٌ وَلِلصَّائِمِ فَرْحَتَانِ فَرْحَةٌ حِينَ يُفْطِرُ وَفَرْحَةٌ حِينَ يَلْقَى رَبَّهُ وَلَخُلُوفُ فَمِ الصَّائِمِ أَطْيَبُ عِنْدَ اللَّهِ مِنْ رِيحِ الْمِسْكِ (رواه البخاري وكذلك مسلم ومالك والترمذى والنسائي وابن ماجه)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറയുന്നു: "വ്രതം എനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്. അവന്റെ ലൈംഗികേച്ഛയും അന്നപാനവും അവൻ വെടിയുന്നത് എനിക്കുവേണ്ടിയാണ്. വ്രതം ഒരു പരിചയാണ്. വ്രതം അനുഷ്ഠിക്കുന്നവന് രണ്ട് സന്തോഷാവസ്ഥ കളുണ്ട്. നോമ്പ് തുറക്കുമ്പോൾ ഒരു സന്തോഷവും തന്റെ നാഥനെ കണ്ടുമുട്ടുമ്പോൾ മറ്റൊരു സന്തോഷവും. വ്രതമനുഷ്ഠിക്കുന്നവന്റെ വായയുടെ ഗന്ധവ്യത്യാസം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണ്'' (ബുഖാരി, മുസ്ലിം, മാലിക്, തിർമിദി, നസാഈ, ഇബ്നുമാജ).

**11**

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: قَالَ اللَّهُ أَنْفِقْ يَا ابْنَ آدَمَ أُنْفِقْ عَلَيْكَ (رواه البخاري وكذلك مسلم)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അല്ലാഹു പറഞ്ഞു: ആദമിന്റെ പുത്രാ, ചെലവഴിക്കൂ. നിന്റെ മേൽ ഞാനും ചെലവഴിക്കുന്നതാണ് (ബുഖാരി, മുസ്‌ലിം).

**12**

عَنْ أَبِي مَسْعُودٍ الأنصاري (ر) قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: حُوسِبَ رَجُلٌ مِمَّنْ كَانَ قَبْلَكُمْ فَلَمْ يُوجَدْ لَهُ مِنَ الْخَيْرِ شَيْءٌ إِلَّا أَنَّهُ كَانَ يُخَالِطُ النَّاسَ وَكَانَ مُوسِرًا فَكَانَ يَأْمُرُ غِلْمَانَهُ أَنْ يَتَجَاوَزُوا عَنِ الْمُعْسِرِ قَالَ: قَالَ اللَّهُ: نَحْنُ أَحَقُّ بِذَلِكَ مِنْكَ تَجَاوَزُوا عَنْهُ (رواه مسلم وكذلك البخاري والنسائي)

അബൂമസ്ഊദി(റ)ൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: നിങ്ങളുടെ പൂർവികരിൽ നിന്ന് ഒരാൾ വിചാരണ ചെയ്യപ്പെട്ടു. ജനങ്ങളോട് ഇടപഴകി ജീവിച്ചത് ഒഴിച്ചാൽ മറ്റൊരു നന്മയും അദ്ദേഹത്തിനു കണ്ടില്ല. അദ്ദേഹം സമ്പന്നനായിരുന്നു. അതുകൊണ്ട് സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവർക്ക് (കടങ്ങൾ) വിട്ടുവീഴ്ച ചെയ്തുകൊടുക്കാൻ അദ്ദേഹം തന്റെ സേവകരോട് കല്പിക്കുമായിരുന്നു. അല്ലാഹു പറഞ്ഞതായി റസൂൽ(സ്വ) പറഞ്ഞു: നിന്നെക്കാൾ നാമാണ് (ഞെരുക്കം അകറ്റാൻ) കൂടുതൽ അവകാശപ്പെട്ടത്. അതുകൊണ്ട് അദ്ദേഹത്തിന് നിങ്ങൾ വിട്ടുവീഴ്ച ചെയ്തുകൊടുക്കുക. (മുസ്‌ലിം, ബുഖാരി, നസാഈ)

**13**

عن عَدِيَّ بْنَ حَاتِمٍ (ر) يَقُولُ: كُنْتُ عِنْدَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَجَاءَهُ رَجُلَانِ أَحَدُهُمَا يَشْكُو الْعَيْلَةَ وَالْآخَرُ يَشْكُو قَطْعَ السَّبِيلِ فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: أَمَّا قَطْعُ السَّبِيلِ فَإِنَّهُ لَا يَأْتِي عَلَيْكَ إِلَّا قَلِيلٌ حَتَّى تَخْرُجَ الْعِيرُ إِلَى مَكَّةَ بِغَيْرِ خَفِيرٍ وَأَمَّا الْعَيْلَةُ فَإِنَّ السَّاعَةَ لَا تَقُومُ حَتَّى يَطُوفَ أَحَدُكُمْ بِصَدَقَتِهِ لَا يَجِدُ مَنْ يَقْبَلُهَا مِنْهُ ثُمَّ لَيَقِفَنَّ أَحَدُكُمْ بَيْنَ يَدَيْ اللَّهِ لَيْسَ بَيْنَهُ وَبَيْنَهُ حِجَابٌ وَلَا تَرْجُمَانٌ

يُتَرْجِمُ لَهُ ثُمَّ لَيَقُولَنَّ لَهُ: أَلَمْ أُوتِكَ مَالًا فَلَيَقُولَنَّ بَلَى ثُمَّ لَيَقُولَنَّ أَلَمْ أُرْسِلْ إِلَيْكَ رَسُولًا فَلَيَقُولَنَّ بَلَى فَيَنْظُرُ عَنْ يَمِينِهِ فَلَا يَرَى إِلَّا النَّارَ ثُمَّ يَنْظُرُ عَنْ شِمَالِهِ فَلَا يَرَى إِلَّا النَّارَ فَلْيَتَّقِيَنَّ أَحَدُكُمْ النَّارَ وَلَوْ بِشِقِّ تَمْرَةٍ فَإِنْ لَمْ يَجِدْ فَبِكَلِمَةٍ طَيِّبَةٍ (رواه البخاري)

അദിയ്യുബ്നു ഹാതിമി(റ)ൽനിന്ന് നിവേദനം: ഞാൻ ദൈവദൂതരുടെ സന്നിധിയിലിരിക്കുമ്പോൾ രണ്ടുപേർ അദ്ദേഹത്തിന്റെ അടുക്കൽ ആഗതരായി. ഒരാൾ ദാരിദ്ര്യത്തെക്കുറിച്ചും അപരൻ വഴിയിലെ കവർച്ചയെക്കുറിച്ചും അദ്ദേഹത്തോട് പരാതിപ്പെട്ടു. വഴിയിലെ കവർച്ചയെക്കുറിച്ച് അവിടുന്ന് പറഞ്ഞു: അതിവിദൂരമല്ലാത്ത ഒരു കാലത്തിന്നിടയിൽ കാവൽക്കാരനില്ലാതെ ഒരു സാർഥവാഹക സംഘത്തിന് മക്കയിലേക്ക് യാത്ര പോകാൻ കഴിയുമാറാകും. എന്നാൽ ദാരിദ്ര്യമാവട്ടെ, തന്നിൽനിന്ന് തന്റെ 'സ്വദക' (ധർമം) സ്വീകരിക്കാൻ ആളെ ക ണ്ടെത്താതെ ഒരാൾ ചുറ്റിത്തിരിയുന്ന ഒരവസ്ഥ സംജാതമാകാതെ കാലാന്ത്യം സംഭവിക്കുകയില്ലതന്നെ.

പിന്നീട് നിങ്ങളിലോരോരുത്തരും തന്റെ നാഥന്റെ മുമ്പാകെ നിൽക്കുകതന്നെ ചെയ്യും. തന്റെയും അവന്റെയും ഇടയിൽ ഒരു മറയോ ദ്വിഭാഷിയോ ഇല്ലാതെ. എന്നിട്ട് അവനോട് ചോദിക്കും: നിനക്ക് നാം സമ്പത്ത് നൽകിയിട്ടില്ലായിരുന്നുവോ? അവൻ പറയും: അതേ, പിന്നെയും അവനോട് ചോദിക്കും. നിന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ നിയോഗിച്ചിരുന്നില്ലേ? അപ്പോൾ അവൻ പറയും: അതേ. അനന്തരം അവൻ തന്റെ വലതുവശത്തേക്ക് നോക്കും. നരകമല്ലാതെ മറ്റൊന്നും കാണുകയില്ല. പിന്നീട് അവന്റെ ഇടതുവശത്തേക്ക് അവൻ നോക്കും. നരക മല്ലാതെ മറ്റൊന്നും അവൻ കാണുകയില്ല. അതുകൊണ്ട് നിങ്ങളോരോരുത്തരും നരകാഗ്നിയെ സൂക്ഷിക്കുകതന്നെ ചെയ്യണം; ഒരു ഈ ത്തപ്പഴത്തിന്റെ ചീന്ത്(ദാനം ചെയ്ത്)കൊണ്ടെങ്കിലും. അതിനും കഴിഞ്ഞില്ലെങ്കിൽ ഒരു നല്ല വാക്ക്(പറഞ്ഞു)കൊണ്ടെങ്കിലും (ബുഖാരി).

## 14

عَنْ أَبِي هُرَيْرَةَ (ر) عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: إِنَّ لِلَّهِ تَبَارَكَ وَتَعَالَى مَلَائِكَةً سَيَّارَةً فُضُلًا يَبْتَغُونَ مَجَالِسَ الذِّكْرِ وَإِذَا وَجَدُوا مَجْلِسًا فِيهِ ذِكْرٌ قَعَدُوا مَعَهُمْ وَحَفَّ بَعْضُهُمْ بَعْضًا بِأَجْنِحَتِهِمْ حَتَّى يَمْلَئُوا مَا بَيْنَهُمْ وَبَيْنَ السَّمَاءِ الدُّنْيَا فَإِذَا انْصَرَفُوا عَرَجُوا أَوْ صَعِدُوا إِلَى السَّمَاءِ قَالَ: فَيَسْأَلُهُمُ اللَّهُ عَزَّ وَجَلَّ وَهُوَ أَعْلَمُ

بِهِمْ: مِنْ أَيْنَ جِئْتُمْ؟ فَيَقُولُونَ جِئْنَا مِنْ عِنْدِ عِبَادٍ لَكَ فِي الْأَرْضِ يَحْمَدُونَكَ وَيُسَبِّحُونَكَ وَيُكَبِّرُونَكَ وَيُهَلِّلُونَكَ وَيَسْأَلُونَكَ قَالَ: وَمَا يَسْأَلُونَنِي؟ قَالُوا: يَسْأَلُونَكَ جَنَّتَكَ قَالَ: وَهَلْ رَأَوْا جَنَّتِي؟ قَالُوا: لَا أَيْ رَبِّ قَالَ: فَكَيْفَ لَوْ رَأَوْا جَنَّتِي! قَالُوا: وَيَسْتَجِيرُونَكَ قَالَ: مِمَّ يَسْتَجِيرُونِي؟ قَالُوا: مِنْ نَارِكَ يَا رَبِّ قَالَ: وَهَلْ رَأَوْا نَارِي؟ قَالُوا لَا قال: فَكَيْفَ لَوْ رَأَوْا نَارِي! قَالُوا وَيَسْتَغْفِرُونَكَ قَالَ: فَيَقُولُ قَدْ غَفَرْتُ لَهُمْ وَأَعْطَيْتُهُمْ مَا سَأَلُوا وَأَجَرْتُهُمْ مِمَّا اسْتَجَارُوا قَالَ: فَيَقُولُونَ رَبِّ فِيهِمْ فُلَانٌ عَبْدٌ خَطَّاءٌ إِنَّمَا مَرَّ فَجَلَسَ مَعَهُمْ قَالَ: فَيَقُولُ وَلَهُ غَفَرْتُ هُمُ الْقَوْمُ لَا يَشْقَى بِهِمْ جَلِيسُهُمْ (رواه مسلم وكذلك البخاري والترمذى والنسائي)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: നിശ്ച യം, അനുഗ്രഹപൂർണനനും ഉന്നതനുമായ അല്ലാഹുവിന്ന് ചുറ്റി സഞ്ചരി ച്ചുകൊണ്ടിരിക്കുന്ന വിശുദ്ധരായ അസംഖ്യ മലക്കുകളുണ്ട്. അവർ ദൈവനാമം സ്മരിക്കുന്ന സദസ്സുകൾ അന്വേഷിച്ച് നടക്കും. ദൈവ സ്മരണ നടക്കുന്ന ഒരു സദസ്സ് കണ്ടാൽ അവരുടെ കൂടെ ഇരിക്കും. തങ്ങളുടെയും താഴെ ആകാശത്തിന്റെയും ഇടക്കുള്ളതെല്ലാം നിറയു വോളം തങ്ങളുടെ ചിറകുകൾ കൊണ്ട് അവർ പരസ്പരം പൊതിയു കയും ചെയ്യും. അവർ (ജനങ്ങൾ) അതിൽനിന്ന് വിരമിച്ചാൽ അവർ (മ ലക്കുകൾ) ഉപരിലോകത്തേക്ക് ഉയരുകയും കയറുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഉന്നതനും പ്രതാപവാനുമായ അല്ലാഹു അവരോട് ചോദിക്കുന്നു. അവനാകട്ടെ, അവരെക്കുറിച്ച് കൂടുതൽ അറിവുള്ളവ നാണ്. നിങ്ങൾ എവിടെനിന്ന് വരുന്നു? അപ്പോൾ അവർ പറയുന്നു: ഞങ്ങൾ ഭൂമിയിലുള്ള നിന്റെ ചില ദാസന്മാരുടെ അടുക്കൽ നിന്നാണ് വരുന്നത്. അവർ നിന്നെ പ്രകീർത്തിക്കുകയും മഹത്വപ്പെടുത്തുകയും വാഴ്ത്തുകയും സ്തുതിക്കുകയും നിന്നോട് ചോദിക്കുകയും ചെയ്യുന്നു. അവൻ ചോദിച്ചു: അവർ എന്താണ് എന്നോട് ചോദിക്കുന്നത്? അവർ പറഞ്ഞു: അവർ നിന്റെ സ്വർഗം ചോദിക്കുന്നു. അവൻ ചോദിച്ചു: അവർ എന്റെ സ്വർഗം കണ്ടിട്ടുണ്ടോ? അവർ പറഞ്ഞു: ഇല്ല നാഥാ. അവൻ പറഞ്ഞു: അവരെങ്ങാനും എന്റെ സ്വർഗം കണ്ടിരുന്നുവെങ്കിൽ എങ്ങ നെയിരിക്കും!

അവർ(മലക്കുകൾ) പറഞ്ഞു: അവർ നിന്നോട് അഭയം തേടുകയും ചെയ്യുന്നു. അവൻ ചോദിച്ചു: എന്തിൽനിന്നാണ് അവർ എന്നോട് അഭയം ചോദിക്കുന്നത്? അവർ പറഞ്ഞു: നിന്റെ നരകാഗ്നിയിൽ നിന്ന്. അവൻ ചോദിച്ചു: അവർ എന്റെ നരകാഗ്നി കണ്ടിട്ടുണ്ടോ? അവർ പറഞ്ഞു: ഇല്ല. അവൻ പറഞ്ഞു: അവരെങ്ങാനും എന്റെ നരകാഗ്നി കണ്ടിരുന്നുവെ

ങ്കിൽ എങ്ങനെയിരിക്കും!

അവർ (മലക്കുകൾ) പറഞ്ഞു: അവർ നിന്നോട് പാപമോചനത്തിന് അർഥിക്കുകയും ചെയ്യുന്നു. അദ്ദേഹം നബി(സ്വ) പറയുന്നു: അപ്പോൾ അല്ലാഹു പറയും: ഞാനവർക്ക് പൊറുത്തുകൊടുത്തിരിക്കുന്നു. അവർ ചോദിച്ചത് ഞാനവർക്ക് നൽകുകയും അവർ അഭയം തേടിയതിൽ നിന്ന് ഞാനവർക്ക് അഭയം നൽകുകയും ചെയ്തിരിക്കുന്നു. നബി(സ്വ) പറഞ്ഞു: അപ്പോൾ മലക്കുകൾ പറയുന്നു: നാഥാ, അവരുടെ കൂട്ടത്തിലെ ഇന്ന വ്യക്തി ഒരു പാപിയായ ദാസനാണ്. അദ്ദേഹം നടന്നുപോകുമ്പോൾ അവരുടെ കൂടെ ഇരിക്കുക മാത്രമാണ് ഉണ്ടായത്. അപ്പോൾ അല്ലാഹു പറയുന്നു: അവനും ഞാൻ പാപമോചനം നൽകിയിരിക്കുന്നു. അവർ ഒരു ജനവിഭാഗമാണ്, അവരുടെ കൂടെയിരിക്കുന്നവർപോലും ദൗർഭാഗ്യവാന്മാരായിപ്പോവുകയില്ല (മുസ്‌ലിം, ബുഖാരി, തിർമിദി, നസാഈ).

## 15

عَنْ أَبِي هُرَيْرَةَ (ر) قَالَ قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: يَقُولُ اللَّهُ تَعَالَى أَنَا عِنْدَ ظَنِّ عَبْدِي بِي وَأَنَا مَعَهُ إِذَا ذَكَرَنِي فَإِنْ ذَكَرَنِي فِي نَفْسِهِ ذَكَرْتُهُ فِي نَفْسِي وَإِنْ ذَكَرَنِي فِي مَلَإٍ ذَكَرْتُهُ فِي مَلَإٍ خَيْرٍ مِنْهُمْ، وَإِنْ تَقَرَّبَ إِلَيَّ بِشِبْرٍ تَقَرَّبْتُ إِلَيْهِ ذِرَاعًا وَإِنْ تَقَرَّبَ إِلَيَّ ذِرَاعًا تَقَرَّبْتُ إِلَيْهِ بَاعًا وَإِنْ أَتَانِي يَمْشِي أَتَيْتُهُ هَرْوَلَةً (رواه البخاري وكذلك مسلم والترمذى وابن ماجه)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: അല്ലാഹു പറയുന്നതായി നബി(സ്വ) പറഞ്ഞു: എന്നെക്കുറിച്ച് എന്റെ ദാസൻ ചിന്തിക്കുന്നതുപോലെയാണ് ഞാൻ. അവൻ എന്നെ സ്മരിക്കുമ്പോൾ ഞാൻ അവന്റെ കൂടെയാകുന്നു. അവൻ എന്നെ സ്വന്തമായി സ്മരിച്ചാൽ അവനെ ഞാനും സ്വന്തമായി സ്മരിക്കും. അവൻ എന്നെ ഒരു സമൂഹത്തിൽ സ്മരിച്ചാൽ അതിനെക്കാൾ ഉത്തമമായ ഒരു സമൂഹത്തിൽ ഞാനവനെയും സ്മരിക്കുന്നതാണ്. അവൻ എന്നോട് ഒരു ചാൺ അടുത്താൽ അവനോട് ഞാൻ ഒരു മുഴം അടുക്കും. അവൻ എന്നോട് ഒരു മുഴമടുത്താൽ ഞാനവനോട് ഒരു മാറ് അടുക്കുന്നതാണ്. നടന്നുകൊണ്ടാണ് അവൻ എന്നെ സമീപിക്കുന്നതെങ്കിൽ അവന്റെ അടുത്തേക്ക് ഞാൻ ഓടിയെത്തുന്നതാണ് (ബുഖാരി, മുസ്‌ലിം, തിർമിദി, ഇബ്നുമാജ).

## 16

عَنْ ابْنِ عَبَّاسٍ (ر) عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِيمَا يَرْوِي عَنْ رَبِّهِ عَزَّ وَجَلَّ

قَالَ: إِنَّ اللَّهَ كَتَبَ الْحَسَنَاتِ وَالسَّيِّئَاتِ ثُمَّ بَيَّنَ ذَلِكَ فَمَنْ هَمَّ بِحَسَنَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللَّهُ لَهُ عِنْدَهُ حَسَنَةً كَامِلَةً فَإِنْ هُوَ هَمَّ بِهَا فَعَمِلَهَا كَتَبَهَا اللَّهُ لَهُ عِنْدَهُ عَشْرَ حَسَنَاتٍ إِلَى سَبْعِ مِائَةِ ضِعْفٍ إِلَى أَضْعَافٍ كَثِيرَةٍ وَمَنْ هَمَّ بِسَيِّئَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللَّهُ لَهُ عِنْدَهُ حَسَنَةً كَامِلَةً فَإِنْ هُوَ هَمَّ بِهَا فَعَمِلَهَا كَتَبَهَا اللَّهُ لَهُ سَيِّئَةً وَاحِدَةً (رواه البخاري ومسلم)

ഇബ്നു അബ്ബാസിൽ(റ) നിന്ന് നിവേദനം: ഉന്നതനും പ്രതാപവാനുമായ തന്റെ നാഥൻ പറഞ്ഞതായി നബി(സ്വ) പറയുന്നു: സദ്കർമങ്ങളും ദുഷ്കർമങ്ങളും ഏതെന്ന് അല്ലാഹു രേഖപ്പെടുത്തി. അനന്തരമവനത് വിശദീകരിച്ചു. ഒരുവൻ ഒരു നന്മ ചെയ്യാൻ ഉദ്ദേശിച്ചു. എന്നിട്ടത് ചെയ്തില്ലെങ്കിലും അല്ലാഹു അവനുവേണ്ടി തന്റെയടുക്കൽ ഒരു പൂർണനന്മ രേഖപ്പെടുത്തിവെക്കുന്നു. ഇനി അവനത് ഉദ്ദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ പത്തിരട്ടി മുതൽ എഴുന്നൂറോ അതിലും അധികം ഇരട്ടികളോ സദ്കർമങ്ങളായി അല്ലാഹു അത് രേഖപ്പെടുത്തുന്നു. ഒരുവൻ ഒരു തിന്മ ചെയ്യാൻ ഉദ്ദേശിക്കുകയും എന്നിട്ടത് ചെയ്യാതിരിക്കുകയുമാണെങ്കിൽ അല്ലാഹു അവനുവേണ്ടി തന്റെ അടുക്കൽ ഒരു പൂർണ നന്മ രേഖപ്പെടുത്തുന്നു. ഇനി അവനത് ഉദ്ദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ ഒരു തിന്മ മാത്രമായി അല്ലാഹു അത് രേഖപ്പെടുത്തുന്നു. (ബുഖാരി, മുസ്ലിം)

## 17

عَنْ أَبِي ذَرٍّ الغفاري (ر) عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِيمَا يَرْوِيه عن ربه عَزَّ وَجَلَّ أَنَّهُ قَالَ: يَا عِبَادِي إِنِّي حَرَّمْتُ الظُّلْمَ عَلَى نَفْسِي وَجَعَلْتُهُ بَيْنَكُمْ مُحَرَّمًا فَلَا تَظَالَمُوا يَا عِبَادِي كُلُّكُمْ ضَالٌّ إِلَّا مَنْ هَدَيْتُهُ فَاسْتَهْدُونِي أَهْدِكُم يَا عِبَادى كُلكُمْ جَائِعٌ إِلَّا مَنْ أَطْعَمْتُهُ فَاسْتَطْعِمُونِي أُطْعِمْكُمْ يَا عِبَادِي كُلُّكُمْ عَارٍ إِلَّا مَنْ كَسَوْتُهُ فَاسْتَكْسُونِي أَكْسُكُمْ يَا عِبَادِي إِنَّكُمْ تُخْطِئُونَ بِاللَّيْلِ وَالنَّهَارِ وَأَنَا أَغْفِرُ الذُّنُوبَ جَمِيعًا فَاسْتَغْفِرُونِي أَغْفِرْ لَكُمْ يَا عِبَادِي إِنَّكُمْ لَنْ تَبْلُغُوا ضَرِّي فَتَضُرُّونِي وَلَنْ تَبْلُغُوا نَفْعِي فَتَنْفَعُونِي يَا عِبَادِي لَوْ أَنَّ أَوَّلَكُمْ وَآخِرَكُمْ وَإِنْسَكُمْ وَجِنَّكُمْ كَانُوا عَلَى أَتْقَى قَلْبِ رَجُلٍ وَاحِدٍ مِنْكُمْ مَا زَادَ ذَلِكَ فِي مُلْكِي شَيْئًا يَا عِبَادِي لَوْ أَنَّ

أَوَّلَكُمْ وَآخِرَكُمْ وَإِنْسَكُمْ وَجِنَّكُمْ كَانُوا عَلَى أَفْجَرِ قَلْبِ رَجُلٍ وَاحِدٍ مَا نَقَصَ ذَلِكَ مِنْ مُلْكِي شَيْئًا يَا عِبَادِي لَوْ أَنَّ أَوَّلَكُمْ وَآخِرَكُمْ وَإِنْسَكُمْ وَجِنَّكُمْ قَامُوا فِي صَعِيدٍ وَاحِدٍ فَسَأَلُونِي فَأَعْطَيْتُ كُلَّ وَاحِدٍ مَسْأَلَتَهُ مَا نَقَصَ ذَلِكَ مِمَّا عِنْدِي إِلَّا كَمَا يَنْقُصُ الْمِخْيَطُ إِذَا أُدْخِلَ الْبَحْرَ يَا عِبَادِي إِنَّمَا هِيَ أَعْمَالُكُمْ أُحْصِيهَا لَكُمْ ثُمَّ أُوفِيكُمْ إِيَّاهَا فَمَنْ وَجَدَ خَيْرًا فَلْيَحْمَدْ اللَّهَ وَمَنْ وَجَدَ غَيْرَ ذَلِكَ فَلَا يَلُومَنَّ إِلَّا نَفْسَهُ

(رواه مسلم وكذلك الترمذى وابن ماجه)

അബൂദർറുൽ ഗിഫ്ഫാരി(റ)യിൽനിന്ന് നിവേദനം: ഉന്നതനും പ്രതാപവാനുമായ തന്റെ നാഥൻ പറഞ്ഞതായി നബി(സ്വ) പറയുന്നു: എന്റെ ദാസന്മാരേ, അക്രമത്തെ എനിക്ക് ഞാൻ നിഷിദ്ധമാക്കിയിരിക്കുന്നു. (അതുപോലെ) ഞാൻ നിങ്ങൾക്കും അത് നിഷിദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പരസ്പരം അക്രമിക്കരുത്.

എന്റെ ദാസന്മാരേ, നിങ്ങളെല്ലാവരും വഴി അറിയാത്തവരാകുന്നു; ഞാൻ സന്മാർഗത്തിലാക്കിയവരൊഴികെ. അതുകൊണ്ട് നിങ്ങൾ എ ന്റെ മാർഗദർശനം തേടുക. ഞാൻ നിങ്ങൾക്ക് മാർഗദർശനം നൽകാം.

എന്റെ ദാസന്മാരേ, നിങ്ങളെല്ലാവരും വിശക്കുന്നവരാണ്; ഞാൻ ആഹാരം നൽകിയവരൊഴികെ. അതുകൊണ്ട് നിങ്ങളെന്നോട് ആഹാരം തേടുവിൻ. ഞാൻ നിങ്ങൾക്ക് ആഹാരം നൽകാം.

എന്റെ ദാസന്മാരേ, നിങ്ങളെല്ലാവരും നഗ്നരാണ്; ഞാൻ വസ്ത്രം ധരിപ്പിച്ചവരൊഴികെ. അതുകൊണ്ട് നിങ്ങളെന്നോട് വസ്ത്രം ചോദിക്കുക. ഞാൻ നിങ്ങൾക്ക് വസ്ത്രം നൽകാം.

എന്റെ ദാസന്മാരേ, നിങ്ങൾ രാപ്പകൽ തെറ്റുചെയ്യുന്നവരാണ്. ഞാൻ എല്ലാ പാപങ്ങളും പൊറുക്കുന്നു. അതുകൊണ്ട് നിങ്ങളെന്നോട് പാപമോചനം തേടുക. ഞാൻ നിങ്ങൾക്ക് പാപങ്ങൾ പൊറുത്തുതരുന്നതാണ്.

എന്റെ ദാസന്മാരേ, നിങ്ങളിൽ ആദ്യത്തെയാളുകളും അവസാനത്തെയാളുകളും മനുഷ്യരും ജിന്നുകളുമെല്ലാം നിങ്ങളുടെ കൂട്ടത്തി ലെ ഏറ്റവും ഭക്തനായ ഒരു മനുഷ്യന്റെ മനസ്സിലെ ഭക്തി കാണിച്ചാ ലും അതെന്റെ ആധിപത്യത്തിൽ ഒന്നും വർധിപ്പിക്കുകയില്ല.

എന്റെ ദാസന്മാരേ, നിങ്ങളിൽ ആദ്യത്തെയാളുകളും അവസാനത്തെയാളുകളും മനുഷ്യരും ജിന്നുകളുമെല്ലാം നിങ്ങളുടെ കൂട്ടത്തി ലെ ദുഷ്ടനായ ഒരു മനുഷ്യന്റെ മനസ്സിലെ ദുഷ്ടത കാണിച്ചാലും എന്റെ ആധിപത്യത്തിൽ ഒട്ടും അത് കുറവ് വരുത്തുകയില്ല.

എന്റെ ദാസന്മാരേ, നിങ്ങളുടെ കൂട്ടത്തിലെ ആദ്യത്തെ ആളുകളും അവസാനത്തെ ആളുകളും മനുഷ്യരും ജിന്നുകളുമെല്ലാം ഒരു സ്ഥലത്ത് നിന്നുകൊണ്ട് എന്നോട് ചോദിക്കുകയും അങ്ങനെ ഓരോരുത്തനും

അവൻ ആവശ്യപ്പെട്ടത് ഞാൻ നൽകുകയും ചെയ്താലും സൂചി സമുദ്രത്തിൽ മുക്കിയെടുത്താൽ സമുദ്രത്തിൽ നിന്ന് കുറഞ്ഞുപോകുന്നത്രയല്ലാതെ എന്റെ പക്കലുള്ളതിൽനിന്ന് ഒന്നും ചുരുങ്ങിപ്പോവുകയില്ല.

എന്റെ ദാസന്മാരേ, നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്കുവേണ്ടി രേഖപ്പെടുത്തുകയും പിന്നീട്(അവയുടെ പ്രതിഫലം) നിങ്ങൾക്ക് പൂർത്തിയാക്കിത്തരികയും മാത്രമാണ് ഞാൻ ചെയ്യുന്നത്. അതുകൊണ്ട് ആർക്കെങ്കിലും നന്മ ലഭിച്ചാൽ അവൻ അല്ലാഹുവിനെ സ്തുതിച്ചുകൊള്ളട്ടെ. ആർക്കെങ്കിലും നന്മയല്ലാത്തത് ലഭിച്ചാൽ തന്നെത്തന്നെയല്ലാതെ കുറ്റപ്പെടുത്തേണ്ടതില്ല (മുസ്‌ലിം, തിർമിദി, ഇബ്നുമാജ)

## 18

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ اللَّهَ عَزَّ وَجَلَّ يَقُولُ يَوْمَ الْقِيَامَةِ: يَا ابْنَ آدَمَ مَرِضْتُ فَلَمْ تَعُدْنِي قَالَ: يَا رَبِّ كَيْفَ أَعُودُكَ وَأَنْتَ رَبُّ الْعَالَمِينَ؟ قَالَ: أَمَا عَلِمْتَ أَنَّ عَبْدِي فُلَانًا مَرِضَ فَلَمْ تَعُدْهُ أَمَا عَلِمْتَ أَنَّكَ لَوْ عُدْتَهُ لَوَجَدْتَنِي عِنْدَهُ؟ يَا ابْنَ آدَمَ اسْتَطْعَمْتُكَ فَلَمْ تُطْعِمْنِي قَالَ: يَا رَبِّ وَكَيْفَ أُطْعِمُكَ وَأَنْتَ رَبُّ الْعَالَمِينَ؟ قَالَ: أَمَا عَلِمْتَ أَنَّهُ اسْتَطْعَمَكَ عَبْدِي فُلَانٌ فَلَمْ تُطْعِمْهُ أَمَا عَلِمْتَ أَنَّكَ لَوْ أَطْعَمْتَهُ لَوَجَدْتَ ذَلِكَ عِنْدِي؟ يَا ابْنَ آدَمَ اسْتَسْقَيْتُكَ فَلَمْ تَسْقِنِي قَالَ: يَا رَبِّ كَيْفَ أَسْقِيكَ وَأَنْتَ رَبُّ الْعَالَمِينَ؟ قَالَ: اسْتَسْقَاكَ عَبْدِي فُلَانٌ فَلَمْ تَسْقِهِ أَمَّا إِنَّكَ لَوْ سَقَيْتَهُ وَجَدْتَ ذَلِكَ عِنْدِي (رواه مسلم)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: പുനരുത്ഥാനനാളിൽ അല്ലാഹു ചോദിക്കും. ആദമിന്റെ പുത്രാ, ഞാൻ രോഗിയായപ്പോൾ നീ എന്തേ എന്നെ സന്ദർശിച്ചില്ല? അവൻ പറയും:നാഥാ, ഞാനെങ്ങനെയാണ് നിന്നെ സന്ദർശിക്കുന്നത്! നീ പ്രപഞ്ചനാഥനല്ലേ? അവൻ ചോദിക്കും: നിനക്കറിയുമായിരുന്നില്ലേ, എന്റെ ഇന്ന ദാസൻ രോഗിയായത്? എന്നിട്ട് നീ അവനെ സന്ദർശിച്ചില്ല. നീ അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ നിനക്കെന്നെ അവന്റെയടുക്കൽ കാണാമായിരുന്നുവെന്ന് നിനക്കറിയാമായിരുന്നില്ലേ?

ആദമിന്റെ പുത്രാ, ഞാൻ നിന്നോട് ഭക്ഷണം ആവശ്യപ്പെട്ടു. പക്ഷേ, നീ എനിക്ക് ഭക്ഷണം നൽകിയില്ല. അവൻ പറയും: നാഥാ, ഞാനെങ്ങനെയാണ് നിനക്ക് ഭക്ഷണം നൽകുന്നത്! നീ പ്രപഞ്ചനാഥനല്ലേ? അവൻ ചോദിക്കും: നിനക്കറിയാമായിരുന്നില്ലേ, എന്റെ ഇന്ന ദാസൻ നിന്നോട് ഭക്ഷണം ആവശ്യപ്പെട്ടത്? പക്ഷേ നീ അവനെ ഭക്ഷിപ്പിച്ചില്ല. നിനക്കറി

യാമായിരുന്നില്ലേ നീ അവനെ ഭക്ഷിപ്പിച്ചിരുന്നുവെങ്കിൽ അത് എന്റെ പക്കൽ നിനക്ക് കാണാമായിരുന്നുവെന്ന്.

ആദമിന്റെ പുത്രാ, ഞാൻ നിന്നോട് കുടിക്കാനുള്ള വെള്ളം ആവശ്യപ്പെട്ടു. പക്ഷേ നീ എനിക്ക് പാനജലം നൽകിയില്ല. അവൻ പറയും: നാഥാ, ഞാനെങ്ങനെയാണ് നിനക്ക് വെള്ളം നൽകുന്നത്! നീ പ്രപഞ്ചനാഥനല്ലേ? അവൻ പറയും: എന്റെ ഇന്ന ദാസൻ നിന്നോട് കുടിവെള്ളം ആവശ്യപ്പെട്ടു. പക്ഷേ നീ അവന് കുടിവെള്ളം നൽകിയില്ല. എന്നാൽ നീ അവന് കുടിവെള്ളം നൽകിയിരുന്നുവെങ്കിൽ നിനക്കത് എന്റെയടുക്കൽ കാണാമായിരുന്നു (മുസ്‌ലിം).

## 19

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّه صَلَّى اللَّهُ عَلَيْهِ وَسَلَّمَ: قَالَ اللَّهُ عَزَّ وَجَلَّ: الْكِبْرِيَاءُ رِدَائِي وَالْعَظَمَةُ إِزَارِي فَمَنْ نَازَعَنِي وَاحِدًا مِنْهُمَا قَذَفْتُهُ فِي النَّارِ (رواه أبوداود وكذلك ابن ماجه وأحمد بأسانيد صحيحه)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറഞ്ഞു: "അഹംഭാവം എന്റെ ശിരോവസ്ത്രവും മഹത്വം എന്റെ ഉടുവസ്ത്രവുമാകുന്നു. ഇവയിലേതെങ്കിലുമൊന്നിൽ ആരെങ്കിലും എന്നോട് മത്സരിച്ചാൽ ഞാനവനെ അഗ്നിയിലെറിയും" (അബൂദാവൂദ്, ഇബ്നുമാജ, അഹ്മദ്)

## 20

عَنْ أَبِي هُرَيْرَةَ (ر) قال أَنَّ رَسُولَ اللَّه صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: تُفْتَحُ أَبْوَابُ الْجَنَّةِ يَوْمَ الِاثْنَيْنِ وَيَوْمَ الْخَمِيسِ فَيُغْفَرُ لِكُلِّ عَبْدٍ لَا يُشْرِكُ بِاللَّه شَيْئًا إِلَّا رَجُلًا كَانَتْ بَيْنَهُ وَبَيْنَ أَخِيه شَحْنَاءُ فَيُقَالُ: أَنْظِرُوا هَذَيْنِ حَتَّى يَصْطَلِحَا، أَنْظِرُوا هَذَيْنِ حَتَّى يَصْطَلِحَا، أَنْظِرُوا هَذَيْنِ حَتَّى يَصْطَلِحَا (رواه مسلم وكذلك مالك وأبو داود)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: സ്വർഗകവാടങ്ങൾ എല്ലാ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും തുറക്കപ്പെടുന്നു. അല്ലാഹുവിൽ ഒന്നിനെയും പങ്കുചേർക്കാത്ത എല്ലാ അടിമകളുടെയും പാപങ്ങൾ അന്ന് പൊറുക്കപ്പെടും; തന്റെയും തന്റെ സഹോദരന്റെയും ഇടയിൽ വൈരം വെച്ചുപുലർത്തുന്ന മനുഷ്യനൊഴികെ. അവരെ

സംബന്ധിച്ച് അപ്പോൾ വിളംബരം ചെയ്യപ്പെടുന്നു. “അവർ രണ്ടുപേരും പരസ്പരം നന്നാകുവോളം അവരെ പിന്തിക്കുക. അവർ രണ്ടുപേരും പരസ്പരം നന്നാകുവോളം അവരെ പിന്തിക്കുക. അവർ രണ്ടുപേരും പരസ്പരം നന്നാകുവോളം അവരെ പിന്തിക്കുക” (മുസ്ലിം, മാലിക്, അബൂദാവൂദ്).

**21**

عَنْ أَبِي هُرَيْرَةَ (ر) عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: قَالَ اللَّهُ: ثَلَاثَةٌ أَنَا خَصْمُهُمْ يَوْمَ الْقِيَامَةِ رَجُلٌ أَعْطَى بِي ثُمَّ غَدَرَ، وَرَجُلٌ بَاعَ حُرًّا فَأَكَلَ ثَمَنَهُ، وَرَجُلٌ اسْتَأْجَرَ أَجِيرًا فَاسْتَوْفَى مِنْهُ وَلَمْ يُعْطِه أَجْرَهُ (رواه البخاري وكذلك ابن ماجه وأحمد)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: അല്ലാഹു പറഞ്ഞിരിക്കുന്നു. പുനരുത്ഥാനനാളിൽ മൂന്നു വിഭാഗമാളുകളുടെ പ്രതിയോഗിയായിരിക്കും ഞാൻ. എന്നോട് കരാർ ചെയ്തതിനു ശേഷം വഞ്ചിച്ചവൻ, സ്വതന്ത്രനായ മനുഷ്യനെ വിറ്റു അതിന്റെ വില ഭുജിച്ചവൻ, തൊഴിലാളിയെക്കൊണ്ട് പൂർണമായി പണിയെടുപ്പിച്ച് അവന്റെ പ്രതിഫലം നൽകാത്തവൻ (ബുഖാരി, ഇബ്നുമാജ, അഹ്മദ്).

**22**

عَنْ أَبِي سَعِيد (ر) قَالَ: قَالَ رَسُولُ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ: لَا يَحْقِرْ أَحَدُكُمْ نَفْسَهُ قَالُوا: يَا رَسُولَ اللَّه كَيْفَ يَحْقِرُ أَحَدُنَا نَفْسَهُ؟ قَالَ: يَرَى أَمْرًا للَّه عَلَيْه فيه مَقَالٌ ثُمَّ لَا يَقُولُ فيه فَيَقُولُ اللَّهُ عَزَّ وَجَلَّ لَهُ يَوْمَ الْقِيَامَة مَا مَنَعَكَ أَنْ تَقُولَ فِي كَذَا وَكَذَا، فَيَقُولُ خَشْيَةُ النَّاسِ، فَيَقُولُ: فَإِيَّايَ كُنْتَ أَحَقَّ أَنْ تَخْشَى (رواه ابن ماجه بسند صحيح)

അബൂസഈദി(റ)ൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: “നിങ്ങളാരും ആത്മനിന്ദ ചെയ്യരുത്. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദുതരേ, ഞങ്ങളിൽ ഒരാൾ എങ്ങനെയാണ് ആത്മനിന്ദ നടത്തുന്നത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവുമായി ബന്ധപ്പെട്ട കാര്യത്തിൽ അവൻ ചിലത് പറയേണ്ടതുണ്ടായിരുന്നു. എന്നാൽ അവൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അങ്ങനെ പുനരുത്ഥാനനാളിൽ ഉന്നതനും പ്രതാപവാനുമായ അല്ലാഹു അവനോട് ചോദിക്കും: എന്താണ് ഇന്നയിന്ന കാര്യങ്ങളിൽ

സംസാരിക്കുന്നതിൽ നിനക്ക് തടസ്സമായി ഭവിച്ചത്? അ പ്പോൾ അവൻ പറയും. ജനങ്ങളെ ഭയന്നതുകൊണ്ട്. അപ്പോൾ അല്ലാ ഹു ചോദിക്കും: നീ ഏറ്റവും കൂടുതൽ ഭയപ്പെടാൻ അർഹനായിട്ടുള്ളവൻ ഞാനായിരുന്നില്ലേ?" (ഇബ്നുമാജ കുറ്റമറ്റ പരമ്പരയോടെ നിവേദനം ചെയ്തത്).

## 23

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ اللَّهَ يَقُولُ يَوْمَ الْقِيَامَةِ: أَيْنَ الْمُتَحَابُّونَ بِجَلَالِي؟ الْيَوْمَ أُظِلُّهُمْ فِي ظِلِّي يَوْمَ لَا ظِلَّ إِلَّا ظِلِّي (رواه البخاري وكذلك مالك)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: നിശ്ച യം, പുനരുത്ഥാനനാളിൽ അല്ലാഹു ചോദിക്കും: എന്റെ മഹത്വംകൊണ്ട് പരസ്പരം സ്നേഹിച്ചവർ എവിടെ? എന്റെ തണലല്ലാതെ മറ്റു തണ ലൊന്നും ലഭിക്കാത്ത ഈ നാളിൽ ഞാനവർക്ക് എന്റെ തണലേകുന്ന താണ് (ബുഖാരി, മാലിക്).

## 24

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ اللَّهَ إِذَا أَحَبَّ عَبْدًا دَعَا جِبْرِيلَ فَقَالَ: إِنِّي أُحِبُّ فُلَانًا فَأَحِبَّهُ قَالَ: فَيُحِبُّهُ جِبْرِيلُ ثُمَّ يُنَادِي فِي السَّمَاءِ فَيَقُولُ: إِنَّ اللَّهَ يُحِبُّ فُلَانًا فَأَحِبُّوهُ فَيُحِبُّهُ أَهْلُ السَّمَاءِ قَالَ: ثُمَّ يُوضَعُ لَهُ الْقَبُولُ فِي الْأَرْضِ إِذَا أَبْغَضَ الله عَبْدًا دَعَا جِبْرِيلَ فَيَقُولُ: إِنِّي أُبْغِضُ فُلَانًا فَأَبْغِضْهُ فَيُبْغِضُهُ جِبْرِيلُ ثُمَّ يُنَادِي فِي أَهْلِ السَّمَاءِ إِنَّ اللَّهَ يُبْغِضُ فُلَانًا فَأَبْغِضُوهُ قَالَ: فَيُبْغِضُونَهُ ثُمَّ تُوضَعُ لَهُ الْبَغْضَاءُ فِي الْأَرْضِ (رواه مسلم وكذلك البخاري ومالك والترمذي)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അ ല്ലാഹു ഒരു ദാസനെ സ്നേഹിച്ചാൽ ജിബ്രീലി(അ)നെ വിളിച്ച് ഇങ്ങനെ പറയും: ഞാൻ ഇന്ന വ്യക്തിയെ സ്നേഹിക്കുന്നു. അതുകൊണ്ട് അവനെ സ്നേഹിക്കുക. (പ്രവാചകൻ) പറഞ്ഞു: അങ്ങനെ ജിബ്രീൽ അദ്ദേ ഹത്തെ സ്നേഹിക്കുന്നു. അനന്തരം ഉപരിലോകത്ത് ഇപ്രകാരം വിളം ബരം ചെയ്യപ്പെടുന്നു. നിശ്ചയം, അല്ലാഹു ഇന്ന വ്യക്തിയെ സ്നേഹി

ക്കുന്നു. അതിനാൽ അദ്ദേഹത്തെ നിങ്ങളും സ്നേഹിക്കുക. അങ്ങനെ ഉപരിലോകത്തുള്ളവർഅദ്ദേഹത്തെ സ്നേഹിക്കുന്നു. (പ്രവാചകൻ) പറഞ്ഞു: അനന്തരം അദ്ദേഹത്തിന് ഭൂമിയിൽ സ്വീ കാര്യത നിശ്ചയിക്ക പ്പെടുകയായി.

അല്ലാഹു ഒരു ദാസനോട് കോപിച്ചാൽ ജിബ്‌രീലിനെ വിളിച്ചു ഇപ്ര കാരം പറയും: ഞാൻ ഇന്ന വ്യക്തിയെ വെറുക്കുന്നു. അപ്പോൾ ജിബ്‌രീൽ അവനെ വെറുക്കുന്നു. അനന്തരം ആകാശലോകത്ത് ഇപ്രകാരം വിളം ബരം ചെയ്യപ്പെടുന്നു. നിശ്ചയം, അല്ലാഹു ഇന്ന വ്യക്തിയോട് കോപിച്ചി രിക്കുന്നു. അതിനാൽ അവനോട് നിങ്ങളും കോപിക്കുക. (പ്രവാചകൻ) പറഞ്ഞു: അങ്ങനെ അവർ അവനോട് കോപിക്കുന്നു. അനന്തരം ഭൂമി യിലവന് കോപം നിശ്ചയിക്കപ്പെടുകയായി. (മുസ്‌ലിം, ബുഖാരി, മാലി ക്, തിർമിദി)

## 25

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ اللَّهَ عز وجل قَالَ: مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالْحَرْبِ وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ فَإِذَا أَحْبَبْتُهُ كُنْتُ سَمْعَهُ الَّذِي يَسْمَعُ بِهِ وَبَصَرَهُ الَّذِي يُبْصِرُ بِهِ وَيَدَهُ الَّتِي يَبْطِشُ بِهَا وَرِجْلَهُ الَّتِي يَمْشِي بِهَا وَإِنْ سَأَلَنِي لَأُعْطِيَنَّهُ وَلَئِنْ اسْتَعَاذَنِي لَأُعِيذَنَّهُ وَمَا تَرَدَّدْتُ عَنْ شَيْءٍ أَنَا فَاعِلُهُ تَرَدُّدِي عَنْ نَفْسِ عبدى الْمُؤْمِنِ يَكْرَهُ الْمَوْتَ وَأَنَا أَكْرَهُ مَسَاءَتَهُ (رواه البخاري)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: ഉന്ന തനും പ്രതാപവാനുമായ അല്ലാഹു പറഞ്ഞു: “എന്റെ ഇഷ്ടദാസനോട് ആരെങ്കിലും ശത്രുത പുലർത്തിയാൽ അവനോട് ഞാനിതാ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ നിർബന്ധമായി കല്പിച്ച കർമങ്ങളേക്കാൾ പ്രിയങ്കരമായ മറ്റൊന്നുകൊണ്ടും എന്റെ ദാസന് എന്റെ സാമീപ്യം കര സ്ഥമാക്കാൻ കഴിയില്ല. ഐച്ഛികമായ ആരാധനാ കർമങ്ങൾ നിർവഹി ച്ചുകൊണ്ട് എന്റെ ദാസൻ എന്നോട് അടുത്തുകൊണ്ടേയിരിക്കും. അങ്ങനെ ഞാനവനെ സ്നേഹിക്കുന്നു. ഞാൻ അവനെ സ്നേഹിച്ചുക ഴിഞ്ഞാൽ അവൻ കേൾക്കുന്ന കാതും കാണുന്ന കണ്ണും പിടിക്കുന്ന കൈയും നടക്കുന്ന കാലും ഞാനായിരിക്കും. എന്നോടവൻ ചോദിച്ചാൽ ഞാനതവന് നൽകുകതന്നെ ചെയ്യും. എന്നോടവൻ രക്ഷചോദിച്ചാൽ ഞാനവന് രക്ഷ നൽകുകതന്നെ ചെയ്യും. വിശ്വാസിയായ എന്റെ ദാസന്റെ

ആത്മാവ് പിടിക്കുന്നതിനെക്കാൾ ഞാൻ സംശയിച്ചുനിൽക്കുന്ന ഒരു കാര്യവുമില്ല. അവൻ മരണത്തെ വെറുക്കുന്നു. അവനെ വിഷമിപ്പിക്കുന്നത് ഞാനും വെറുക്കുന്നു"(1). (ബുഖാരി)

**26**

عَنْ أَبِي أُمَامَةَ (ر) عَن النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: قال الله عز وجل: إِنَّ أَغْبَطَ أَوْلِيَائِي عِنْدِي لَمُؤْمِنٌ خَفِيفُ الْحَاذِ ذُو حَظٍّ مِنْ الصَّلَاة، أَحْسَنَ عِبَادَةَ رَبِّهِ وَأَطَاعَهُ فِي السِّرِّ وَكَانَ غَامِضًا فِي النَّاسِ لَا يُشَارُ إِلَيْهِ بِالْأَصَابِعِ وَكَانَ رِزْقُهُ كَفَافًا فَصَبَرَ عَلَى ذَلِكَ ثُمَّ نَفض بِيَدِهِ ثُمَّ قَالَ: عُجِّلَتْ مَنِيَّتُهُ قَلَّتْ بَوَاكِيهِ قَلَّ تُرَاثُهُ(رواه الترمذى وكذلك أحمد وابن ماجه واسناده حسن)

**26.** അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറഞ്ഞു: എന്റെ 'വലിയ്യു' കളിൽ

(1) ഈ ഹദീഥിന്റെ കേവല ബാഹ്യാർഥം അവലംബിച്ച് അദ്വൈത സിദ്ധാന്തത്തിന്റെ വക്താക്കളും 'ഒലിയാക്കന്മാർ' ദിവ്യകഴിവുകളുള്ളവരാണെന്ന് വിശ്വസിക്കുന്ന യാഥാസ്ഥിതികരും ഒരുപോലെ സാധാരണ ജനങ്ങളെ കബളിപ്പിക്കാറുണ്ട്. യഥാർഥത്തിൽ ഇവിടെ പറഞ്ഞ രൂപത്തിൽ അല്ലാഹു 'കണ്ണാകും' 'കാതാകും' എന്നെല്ലാമുള്ള പ്രയോഗങ്ങൾ ആലങ്കാരികാർഥത്തിൽ മാത്രമാണ്. നിർബന്ധകർമങ്ങൾ അനുഷ്ഠിക്കുന്നതിനു പുറമെ 'സുന്നത്താ'യ (ഐഛികം) കർമങ്ങൾകൂടി അനുഷ്ഠിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്ന യഥാർഥ ദൈവഭക്തന്മാർ, അല്ലാഹു തൃപ്തിപ്പെടുന്നതും അനുവദനീയമായതുമായ കാര്യങ്ങൾ മാത്രമേ തങ്ങളുടെ അവയവങ്ങൾകൊണ്ട് പ്രവർത്തിക്കുകയുള്ളൂവെന്ന് ഹൃദ്യമായ ശൈലിയിൽ പഠിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മറിച്ച് അക്ഷരാർഥത്തിൽ മാത്രം മനസ്സിലാക്കുന്നത് ഇസ്‌ലാമിക പ്രമാണങ്ങളോട് യോജിക്കുന്നതല്ല. ഈ ഹദീഥിനെ ഈ രൂപത്തിൽ തന്നെയാണ് സുപ്രസിദ്ധ ഹദീഥ് പണ്ഡിതനായ ഇബ്നുഹജറിൽ അസ്ക്വലാനിയും വ്യാഖ്യാനിച്ചിരിക്കുന്നത്.

അദ്വൈത സിദ്ധാന്തത്തിന്റെയും മറ്റും വക്താക്കളുടെ വാദങ്ങളെ ഖണ്ഡിച്ച ശേഷം അസ്ക്വലാനി(റ) പറയുന്നു. 'ഈ അക്രമികൾ പറയുന്നതിൽ നിന്നും അല്ലാഹു വളരെ ഉന്നതനാകുന്നു'. ശേഷം അതിന്റെ ഉദ്ദേശ്യം വിശദീകരിക്കാൻ അദ്ദേഹം ഖത്വാബിയുടെ അഭിപ്രായം ഉദ്ധരിക്കുന്നു.

ഖത്വാബി പറയുന്നു: ഇത് ഉപമകളാണ്. ഇതിന്റെ അർഥം ഈ അവയവങ്ങൾകൊണ്ട് തന്റെ ദാസൻ ചെയ്യുന്ന കർമങ്ങളിൽ അല്ലാഹുവിന്റെ തൗഫീക്(ഉതവി) ഉണ്ടാകുമെന്നും അവന്റെ അവയവങ്ങളെ സൂക്ഷിച്ചുകൊണ്ട് അവനിൽ അല്ലാഹു സ്നേഹം പ്രകടിപ്പിക്കുമെന്നും തന്റെ ചെവികൊണ്ട് അല്ലാഹു വെറുക്കുന്ന വിനോദങ്ങൾ കേൾക്കുന്നതിനെയും കണ്ണുകൊണ്ട് അവൻ നിരോധിച്ചതിനെ കാണുന്നതിനെയും കൈകൊണ്ട് അനുവദനീയമല്ലാത്തത് പിടിക്കുന്നതിനെയും കാലുകൊണ്ട് അനാവശ്യങ്ങളിലേക്ക് നടന്നുപോകുന്നതിനെയും അവൻ സംരക്ഷിക്കുമെന്നാണ് (ഫത്ഹുൽ ബാരി 11:344)

എനിക്ക് ഏറ്റവും പ്രിയപ്പെട്ടവൻ ജീവിതവിഭവങ്ങൾ തുച്ഛമാ യവനും നമസ്കാരത്തിന്റെ പങ്ക് കൂടിയവനുമായ വിശ്വാസിയാകുന്നു. തന്റെ നാഥനുള്ള ആരാധനാകർമങ്ങൾ അവൻ ഭംഗിയായി നിർവഹിക്കുകയും രഹസ്യത്തിലും അവനെ അനുസരിക്കുകയും ചെയ്യുന്നു. അദ്ദേഹം ജന ങ്ങൾക്കിടയിൽ അറിയപ്പെടാത്തവനും വിരൽകൊ ണ്ട് ചൂണ്ടിക്കാണി ക്കപ്പെടാത്തവനുമാണ്. ഉപജീവനം വളരെ പരിമിതമായിരുന്നിട്ടും അദ്ദേഹം ക്ഷമയവലംബിച്ചു. (പ്രവാചകൻ) തന്റെ കൈ കുടഞ്ഞുകൊണ്ട് പറഞ്ഞു. മരണം അദ്ദേഹത്തിലേക്ക് ധൃതികാണിക്കുന്നു. അദ്ദേഹത്തി നുവേണ്ടി വിലപിക്കുന്നവർ നന്നേ കുറവാണ്. അദ്ദേഹത്തിന്റെ അനന്ത രസ്വത്താകട്ടെ വളരെ തുച്ഛവുമാണ്" (തിർമിദി, അഹ്മദ്, ഇബ്നുമാജ).

**27**

عَنْ مَسْرُوق (ر) قَالَ: سَأَلْنَا أو سألت عَبْدَ اللَّه اي ابن مسعود عَنْ هَذِه الْآيَة "وَلَا تَحْسَبَنَّ الَّذِينَ قُتِلُوا فِي سَبِيلِ اللَّه أَمْوَاتًا بَلْ أَحْيَاءٌ عِنْدَ رَبِّهِمْ يُرْزَقُونَ" قَالَ أَمَا إِنَّا قَدْ سَأَلْنَا عَنْ ذَلِكَ فَقَالَ: أَرْوَاحُهُمْ فِي جَوْف طَيْرٍ خُضْرٍ لَهَا قَنَادِيلُ مُعَلَّقَةٌ بِالْعَرْشِ تَسْرَحُ مِنَ الْجَنَّة حَيْثُ شَاءَتْ ثُمَّ تَأْوِي إِلَى تِلْكَ الْقَنَادِيلِ فَاطَّلَعَ إِلَيْهِمْ رَبُّهُمْ اطِّلَاعَةً فَقَالَ: هَلْ تَشْتَهُونَ شَيْئًا؟ قَالُوا: أَيَّ شَيْءٍ نَشْتَهِي وَنَحْنُ نَسْرَحُ مِنْ الْجَنَّة حَيْثُ شِئْنَا؟ فَفَعَلَ ذَلِكَ بِهِمْ ثَلَاثَ مَرَّات فَلَمَّا رَأَوْا أَنَّهُمْ لَنْ يُتْرَكُوا مِنْ أَنْ يُسْأَلُوا قَالُوا: يَا رَبِّ نُرِيدُ أَنْ تَرُدَّ أَرْوَاحَنَا فِي أَجْسَادِنَا حَتَّى نُقْتَلَ فِي سَبِيلِكَ مَرَّةً أُخْرَى فَلَمَّا رَأَى أَنْ لَيْسَ لَهُمْ حَاجَةٌ تُرِكُوا (رواه مسلم وكذلك الترمذى والنسائي وابن ماجه)

മസ്റൂക്വി(റ)ൽ നിന്ന് നിവേദനം: ഞങ്ങൾ അഥവാ ഞാൻ അബ് ദുല്ലാഹിബ്നു മസ്ഊദി(റ)നോട് ഈ ക്വുർആൻ സൂക്തത്തെക്കുറിച്ച് ചോദി ച്ചു: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവർ മരണപ്പെട്ടവരാണെന്ന് നിങ്ങൾ വിചാരിക്കരുത്. അവർ അവരുടെ നാഥന്റെ സന്നിധിയിൽ ജീവി ച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നു."

അദ്ദേഹം പറഞ്ഞു: ഞങ്ങൾ അതിനെക്കുറിച്ച് (പ്രവാചകനോട്) ചോദി ച്ചിട്ടുണ്ട്. അപ്പോൾ അവിടുന്ന് ഇപ്രകാരം പറഞ്ഞു: "അവരുടെ ആത്മാ ക്കൾ പച്ചക്കിളികളുടെ ആന്തരഭാഗത്താകുന്നു. അവയ്ക്ക് (അല്ലാഹുവി ന്റെ) സിംഹാസനത്തിൽ തൂക്കിയിടപ്പെട്ട റാന്തലുകളുണ്ട്. സ്വർഗത്തിൽ അവർക്ക് ഇഷ്ടമുള്ളേടത്ത് സ്വതന്ത്രമായി വിഹരിച്ചശേഷം ആ റാന്ത ലുകളിൽ അവ അഭയം തേടുന്നു. അപ്പോൾ അവരുടെ നാഥൻ അവരെ

എത്തിനോക്കി ചോദിക്കുന്നു: നിങ്ങൾ എന്തെങ്കിലും ആശിക്കുന്നുണ്ടോ? അവർ പറഞ്ഞു: സ്വർഗത്തിൽ ഞങ്ങൾ ഇഷ്ടമുള്ളേടത്ത് വിഹരിക്കുമ്പോൾ. അങ്ങനെ മൂന്നുതവണ ആവർത്തിച്ചു ചോദിക്കുന്നു. ഇനിയും ചോദ്യം ചെയ്യപ്പെടാതെ അവരെ വിട്ടേക്കുകയില്ലെന്ന് കണ്ടപ്പോൾ അവർ പറഞ്ഞു: നാഥാ, നിന്റെ മാർഗത്തിൽ ഒരിക്കൽകൂടി ഞങ്ങൾ വധിക്കപ്പെടാൻവേണ്ടി, ഞങ്ങളുടെ ആത്മാക്കളെ ഞങ്ങളുടെ ശരീരത്തിലേക്ക് തന്നെ നീ മടക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അപ്പോൾ അവർക്ക് പ്രത്യേക ആവശ്യമൊന്നും ഇല്ലെന്നുകണ്ട് അവൻ (അല്ലാഹു) അവരെ അവരുടെ പാട്ടിന് വിട്ടേക്കുന്നു. (മുസ്ലിം, തിർമിദി, നസാഇൗ, ഇബ്നുമാജ)

## 28

عن جُنْدَبُ بْنُ عَبْدِ اللَّه (ر) قال: قال رَسُول اللَّه صَلَّى اللَّهُ عَلَيْهِ وَسَلَّمَ: كَانَ فِيمَنْ كَانَ قَبْلَكُمْ رَجُلٌ بِهِ جُرْحٌ فَجَزِعَ فَأَخَذَ سِكِّينًا فَحَزَّ بِهَا يَدَهُ فَمَا رَقَأَ الدَّمُ حَتَّى مَاتَ قَالَ اللَّهُ تَعَالَى: بَادَرَنِي عَبْدِي بِنَفْسِهِ حَرَّمْتُ عَلَيْهِ الْجَنَّةَ (رواه البخاري)

ജുൻദുബിബ്നു അബ്ദില്ല(റ)യിൽനിന്ന് നിവേദനം: റസൂൽ (സ്വ) പറഞ്ഞു: നിങ്ങളുടെ പൂർവീകരിൽപെട്ട ഒരു മനുഷ്യൻ, തനിക്കുപറ്റിയ ഒരു മുറിവിൽ വിഭ്രാന്തനായി ഒരു കത്തിയെടുത്ത് തന്റെ കൈ അതുകൊണ്ട് മുറിച്ചു. അദ്ദേഹത്തിന് മരണം സംഭവിക്കുവോളം രക്തപ്രവാഹം നിലച്ചില്ല. അല്ലാഹു പറഞ്ഞു: എന്റെ ദാസൻ സ്വയം തന്നെ എന്റെയടുക്കലേക്ക് ധൃതികാണിച്ചു. അതുകൊണ്ട് അവന് ഞാൻ സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു (ബുഖാരി).

## 29

عَنْ أَبِي هُرَيْرَةَ (ر) أَنَّ رَسُولَ اللَّه صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: يَقُولُ اللَّهُ تَعَالَى: مَا لِعَبْدِي الْمُؤْمِنِ عِنْدِي جَزَاءٌ إِذَا قَبَضْتُ صَفِيَّهُ مِنْ أَهْلِ الدُّنْيَا ثُمَّ احْتَسَبَهُ إِلَّا الْجَنَّةُ (رواه البخاري)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: വിശ്വാസിയായ എന്റെ ദാസന്റെ ഇഹലോകത്തെ ഒരാത്മമിത്രത്തെ ഞാൻ (മരണത്തിലൂടെ) പിടികൂടുകയും പ്രതിഫലേച്ഛയോടുകൂടി അവനതിൽ ക്ഷമിക്കുകയും ചെയ്താൽ സ്വർഗമല്ലാതെ അവന് പ്രതിഫലമില്ല.(ബുഖാരി)

30

عَنْ أَبِي هريرة (ر) أن رَسُولَ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ قَالَ: قَالَ اللَّهُ عز وجل: إِذَا أَحَبَّ عَبْدِي لِقَائِي أَحْبَبْتُ لِقَاءَهُ وَإِذَا كَرِهَ لِقَائِي كَرِهْتُ لِقَاءَهُ (رواه البخاري ومالك).

وفي رواية لمسلم: عَنْ عَائِشَةَ قَالَتْ: قَالَ رَسُولُ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ: مَنْ أَحَبَّ لِقَاءَ اللَّه أَحَبَّ اللَّهُ لِقَاءَهُ وَمَنْ كَرِهَ لِقَاءَ اللَّه كَرِهَ اللَّهُ لِقَاءَهُ فَقُلْتُ: يَا نَبِيَّ اللَّه أَكَرَاهِيَةُ الْمَوْت؟ فَكُلُّنَا نَكْرَهُ الْمَوْتَ فَقَالَ: لَيْسَ كَذَلك وَلَكنَّ الْمُؤْمنَ إِذَا بُشِّرَ بِرَحْمَةِ اللَّه وَرِضْوَانه وَجَنَّته أَحَبَّ لِقَاءَ اللَّه فَأَحَبَّ لِقَاءَهُ وَإِنَّ الْكَافِرَ إِذَا بُشِّرَ بِعَذَابِ اللَّهِ وَسَخَطِهِ كَرِهَ لِقَاءَ اللَّهِ وَكَرِهَ اللَّهُ لِقَاءَهُ

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: ഉന്നതനും പ്രതാപവാനുമായ അല്ലാഹു പറഞ്ഞു: “എന്റെ ദാസൻ എന്നെ കണ്ടുമുട്ടുന്നത് ഇഷ്ടപ്പെട്ടാൽ അവനെ കണ്ടുമുട്ടുന്നത് ഞാനും ഇഷ്ടപ്പെടുന്നു. എന്നെ കണ്ടുമുട്ടുന്നത് അവൻ വെറുത്താൽ അവനെ കണ്ടുമുട്ടുന്നത് ഞാനും വെറുക്കുന്നു” (ബുഖാരി, മാലിക്).

‘മുസ്ലി’മിന്റെ ഒരു നിവേദനത്തിൽ ഈ ഹദീഥിന്റെ ആശയം കൂടുതൽ വ്യക്തമായി വന്നിട്ടുണ്ട്. ഈ നിവേദനം ഖുദ്സിയല്ലെങ്കിലും ഇവിടെ ചേർക്കുന്നു. ആഇശ(റ)ൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: ആരെങ്കിലും അല്ലാഹുവെ കണ്ടുമുട്ടുന്നത് ഇഷ്ടപ്പെട്ടാൽ അവനെ കണ്ടുമുട്ടുന്നത് അല്ലാഹുവും ഇഷ്ടപ്പെടുന്നു. ആരെങ്കിലും അല്ലാഹുവെ കണ്ടുമുട്ടുന്നത് വെറുത്താൽ അവനെ കണ്ടുമുട്ടുന്നത് അല്ലാഹുവും വെറുക്കുന്നു. അപ്പോൾ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരേ, മരണത്തോടുള്ള വെറുപ്പാണോ ഉദ്ദേശിക്കുന്നത്? ഞങ്ങളൊക്കെയും മരണത്തെ വെറുക്കുന്നു. അവിടുന്ന് പറഞ്ഞു: അങ്ങനെയല്ല, പ്രത്യുത ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ അനുഗ്രഹത്തെയും അവന്റെ സംതൃപ്തിയെയും അ വന്റെ സ്വർഗത്തെയും കുറിച്ച് സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവൻ അല്ലാഹുവെ കണ്ടുമുട്ടാൻ ഇഷ്ടപ്പെടുന്നു. അപ്പോൾ അല്ലാഹു അവനെയും കണ്ടുമുട്ടാൻ ഇഷ്ടപ്പെടുന്നു. ഒരു വിശ്വാസി അല്ലാഹുവിന്റെ ശിക്ഷയെയും കോപത്തെയും കുറിച്ച് ‘സന്തോഷവാർത്ത’ അറിയിക്കപ്പെട്ടാൽ അവൻ അല്ലാഹുവെ കണ്ടുമുട്ടുന്നത് വെറുക്കുന്നു. അപ്പോൾ അല്ലാഹു അവനെയും വെറുക്കുന്നു.

## 31

عَنْ جُنْدَب (ر) أَنَّ رَسُولَ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ حَدَّثَ: أَنَّ رَجُلًا قَالَ: وَاللَّه لَا يَغْفِرُ اللَّهُ لِفُلَان وَإِنَّ اللَّهَ تَعَالَى قَالَ: مَنْ ذَا الَّذي يَتَأَلَّى عَلَيَّ أَنْ لَا أَغْفِرَ لِفُلَانٍ فَإِنِّي قَدْ غَفَرْتُ لِفُلَانٍ وَأَحْبَطْتُ عَمَلَكَ أَوْ كَمَا قَالَ (رواه مسلم)

ജുൻദുബി(റ)ൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അല്ലാഹു വാണ, ഇന്ന വ്യക്തിക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്ന് ഒരാൾ സത്യം ചെയ്തു പറഞ്ഞു. ഉടനെ അല്ലാഹു ചോദിച്ചു: "ഇന്ന വ്യക്തിക്ക് ഞാൻ പൊറുത്തുകൊടുക്കുകയില്ലെന്ന് എന്റെ പേരിൽ സത്യം ചെയ്തവൻ ആരാണ്? നിശ്ചയം, ഞാൻ നിന്റെ കർമങ്ങൾ നഷ്ടപ്പെടുത്തിക്കളയുകയും ആ വ്യക്തിക്ക് പൊറുത്തുകൊടുക്കുകയും ചെയ്തിരിക്കുന്നു"(1) (മുസ്‌ലിം).

## 32

عَنْ أَبِي هُرَيْرَةَ (ر) عَنْ النَّبِيِّ صَلَّى اللَّهُ عَلَيْه وَسَلَّمَ قَالَ: أَسْرَفَ رَجُلٌ عَلَى نَفْسه فَلَمَّا حَضَرَهُ الْمَوْتُ أَوْصَى بَنيه فَقَالَ إِذَا أَنَا مُتُّ فَأَحْرِقُونِي ثُمَّ اسْحَقُونِي ثُمَّ اذْرُونِي فِي الْبَحْرِ فَوَاللَّه لَئِنْ قَدَرَ عَلَيَّ رَبِّي لَيُعَذِّبُنِي عَذَابًا مَا عَذَّبَهُ بِه أَحَدًا قَالَ فَفَعَلُوا ذَلِكَ بِه فَقَالَ لِلْأَرْضِ أَدِّي مَا أَخَذْت فَإِذَا هُوَ قَائِمٌ فَقَالَ لَهُ مَا حَمَلَكَ عَلَى مَا صَنَعْتَ فَقَالَ خَشْيَتُكَ يَا رَبِّ أَوْ قَالَ مَخَافَتُكَ فَغَفَرَ لَهُ بِذَلِكَ (رواه مسلم، بخاري، النسائي، ابن ماجه)

അബൂഹുറയ്റ(റ)ൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: സ്വന്തത്തോട് അമിതമായി പാപംചെയ്ത ഒരു മനുഷ്യൻ മരണാസന്നനായപ്പോൾ തന്റെ മക്കളെ വിളിച്ചു അന്ത്യോപദേശം നൽകി. അദ്ദേഹം ഇങ്ങനെ പറഞ്ഞു: ഞാൻ മരണമടഞ്ഞാൽ നിങ്ങളെന്നെ കരിച്ചുകളയുക. പിന്നീട് നിങ്ങളെന്നെ പൊടിച്ചുകളയുക. അനന്തരം എന്നെ സമുദ്രത്തിൽ വിതറുക. അല്ലാഹുവാണ സത്യം, എന്റെ നാഥൻ എന്നെ പിടികൂടുകയാണെങ്കിൽ അവൻ മറ്റാരെയും ശിക്ഷിക്കാത്ത രൂപത്തിൽ എന്നെ ശിക്ഷിക്കുക തന്നെ ചെയ്യും. അവർ അദ്ദേഹത്തെ അങ്ങനെത തന്നെ ചെയ്തു. അപ്പോൾ (അല്ലാഹു) ഭൂമിയോട് കല്പിച്ചു. നീ സ്വീകരിച്ചത്

(1) 'ഔ കമാകാല' പദപ്രയോഗത്തിൽ ലഘുവ്യത്യാസമുണ്ടാകാമെന്ന് സൂചിപ്പിക്കുന്നു.

പുറത്തുവിടുക. ഉടനെ അവനതാ എഴുന്നേറ്റ് നിൽക്കുന്നു. അപ്പോൾ അവനോട് ചോദിച്ചു: നിന്റെ ഈ പ്രവൃത്തി ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്? അദ്ദേഹം പറഞ്ഞു: നാഥാ, നിന്നെ ഭയന്നതുകൊണ്ട്. അത് കാരണം അവന് പൊറുത്തുകൊടുത്തു" (മുസ്ലിം, ബുഖാരി, നസാഈ, ഇബ്നുമാജ)

## 33

عَنْ أَبِي هُرَيْرَةَ (ر) عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِيمَا يَحْكِي عَنْ رَبِّهِ عَزَّ وَجَلَّ قَالَ: أَذْنَبَ عَبْدٌ ذَنْبًا فَقَالَ: اللَّهُمَّ اغْفِرْ لِي ذَنْبِي فَقَالَ تَبَارَكَ وَتَعَالَى: أَذْنَبَ عَبْدِي ذَنْبًا فَعَلِمَ أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ ثُمَّ عَادَ فَأَذْنَبَ فَقَالَ: أَيْ رَبِّ اغْفِرْ لِي ذَنْبِي فَقَالَ تَبَارَكَ وَتَعَالَى: عَبْدِي أَذْنَبَ ذَنْبًا فَعَلِمَ أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِهِ ثُمَّ عَادَ فَأَذْنَبَ فَقَالَ: أَيْ رَبِّ اغْفِرْ لِي ذَنْبِي فَقَالَ تَبَارَكَ وَتَعَالَى: أَذْنَبَ عَبْدِي ذَنْبًا فَعَلِمَ أَنَّ لَهُ رَبًّا يَغْفِرُ الذَّنْبَ وَيَأْخُذُ بِالذَّنْبِ اعْمَلْ مَا شِئْتَ فَقَدْ غَفَرْتُ لَكَ (رواه مسلم وكذلك البخاري)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഉന്നതനും പ്രതാപവാനുമായ തന്റെ നാഥൻ പറഞ്ഞതായി നബി(സ്വ) ഉദ്ധരിക്കുന്നു: അല്ലാഹുവിന്റെ ഒരു അടിമ ഒരു പാപം ചെയ്തപ്പോൾ അവൻ പ്രാർഥിച്ചു. അല്ലാഹുവേ, എന്റെ പാപം നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ ഉന്നതനും അനുഗ്രഹമേറിയവനുമായവൻ പറഞ്ഞു: എന്റെ ദാസൻ ഒരു തെറ്റുചെയ്തു. അവന് തെറ്റ് പൊറുക്കുകയും അതിന് ശിക്ഷിക്കുകയും ചെയ്യുന്ന ഒരു നാഥനുണ്ടെന്ന് അവൻ മനസ്സിലാക്കി. പിന്നെയും അവൻ ആവർത്തിച്ചു തെറ്റുചെയ്തു. ഉടനെ അവൻ പ്രാർഥിച്ചു. നാഥാ, നീ എനിക്കെന്റെ പാപം പൊറുത്തുതരേണമേ. അപ്പോൾ ഉന്നതനും അനുഗ്രഹമേറിയവനുമായവൻ പറഞ്ഞു: എന്റെ ദാസൻ തെറ്റുചെയ്തു. അവന് പൊറുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതായ ഒരു നാഥനുണ്ടെന്ന് അവൻ മനസ്സിലാക്കി. പിന്നെയും അവൻ ആവർത്തിച്ചു തെറ്റുചെയ്തു. ഉടനെ അവൻ പ്രാർഥിച്ചു. നാഥാ, എന്റെ പാപം നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ ഉന്നതനും അനുഗ്രഹമേറിയവനുമായവൻ പറഞ്ഞു: എന്റെ ദാസൻ തെറ്റുചെയ്തു. അവന് പാപം പൊറുക്കുകയും തെറ്റിന് ശിക്ഷിക്കുകയും ചെയ്യുന്ന നാഥനുണ്ടെന്ന് അവൻ മനസ്സിലാക്കി. നീ ഉദ്ദേശിച്ചത് ചെയ്യുക. നിനക്ക് നാം പൊറുത്തുതന്നിരിക്കുന്നു (മുസ്ലിം, ബുഖാരി)

**34**

عن أَنَسُ بْنُ مَالِك (ر) قَالَ سَمِعْتُ رَسُولَ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ يَقُولُ: قَالَ اللَّهُ تَعَالَى: يَا ابْنَ آدَمَ إِنَّكَ مَا دَعَوْتَنِي وَرَجَوْتَنِي غَفَرْتُ لَكَ عَلَى مَا كَانَ منكَ وَلَا أُبَالِي يَا ابْنَ آدَمَ لَوْ بَلَغَتْ ذُنُوبُكَ عَنَانَ السَّمَاءِ ثُمَّ اسْتَغْفَرْتَنِي غفَرْتُ لَكَ يَا ابْنَ آدَمَ إِنَّكَ لَوْ أَتَيْتَنِي بِقُرَابِ الْأَرْضِ خَطَايَا ثُمَّ لَقِيتَنِي لَا تُشْرِكُ بِي شَيْئًا لَأَتَيْتُكَ بِقُرَابِهَا مَغْفِرَةً (رواه الترمذى كذلك أحمد وسنده حسن)

അനസി(റ)ൽനിന്ന് നിവേദനം: റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു. അല്ലാഹു പറഞ്ഞു: “ആദമിന്റെ പുത്രാ, നീ എന്നോട് പ്രാർഥിക്കുകയും എന്റെ കാരുണ്യം ആശിക്കുകയും ചെയ്യുന്ന കാലമത്രയും നിന്നിൽ നിന്ന് സംഭവിക്കുന്ന പാപങ്ങൾ ഗൗനിക്കാതെ നിനക്ക് ഞാൻ പൊറുത്തുതരുന്നതാണ്. ആദമിന്റെ പുത്രാ, നിന്റെ പാപങ്ങൾ ചക്രവാളത്തോളം എത്തിയാലും നീ എന്നോട് പാപമോചനത്തിന് അർഥിക്കുകയാണെങ്കിൽ ഞാൻ നിനക്ക് പൊറുത്തുതരുന്നതാണ്. ആദമിന്റെ പുത്രാ, ഭൂമിയോളം വരുന്ന പാപങ്ങളുമായി, എന്നോട് ഒന്നിനെയും പങ്കുചേർക്കാത്ത നിലയിൽ നീ എന്നെ കണ്ടുമുട്ടുകയാണെങ്കിൽ അതിന് തുല്യമായ പാപമോചനവുമായി ഞാൻ നിന്നെ സമീപിക്കുന്നതാണ്” (തിർമിദി, അഹ്മദ്).

**35**

عَنْ أَبِي هُرَيْرَةَ (ر) أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْه وَسَلَّمَ قَالَ: يَتَنَزَّلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَة إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الْآخِرُ فَيَقُولُ: مَنْ يَدْعُونِي فَأَسْتَجِيبَ لَهُ مَنْ يَسْأَلُنِي فَأُعْطِيَهُ مَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ (رواه البخاري وكذلك مسلم ومالك والترمذى وأبو داود) وفي رواية لمسلم زيادة: فَلاَ يَزَالُ كَذَلِكَ حَتَّى يُضِيئَ الْفَجْرُ

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അനുഗ്രഹമേറിയവനും ഉന്നതനുമായ നമ്മുടെ നാഥൻ, എല്ലാ രാത്രിയിലും രാവിന്റെ അവസാനത്തെ മൂന്നിലൊന്ന് ഭാഗം അവശേഷിക്കുമ്പോൾ ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുന്നു. എന്നിട്ടവൻ പറയും: എന്നോട് പ്രാർഥിക്കുന്നവന് ഞാൻ ഉത്തരം നൽകുന്നതാണ്. ആരാണോ എന്നോട് ചോദിക്കുന്നത്, അവന് ഞാനത് നൽകുന്നതാണ്. ആരാണോ എന്നോട്

പാപമോചനത്തിന് അർഥിക്കുന്നത്, അവന് ഞാൻ പൊറുത്തുകൊടുക്കുന്നതാണ് (ബുഖാരി, മുസ്‌ലിം, മാലിക്, തിർമിദി, അബൂദാവൂദ്).

മുസ്‌ലിമിന്റെ നിവേദനത്തിൽ പ്രഭാതോദയം വരെ അവൻ (അല്ലാഹു) അങ്ങനെത്തന്നെ നിൽക്കുമെന്നു കൂടിയുണ്ട്.

## 36

عَنْ أَنَسٍ (ر) عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: يَجْتَمِعُ الْمُؤْمِنُونَ يَوْمَ الْقِيَامَةِ فَيَقُولُونَ لَوْ اسْتَشْفَعْنَا إِلَى رَبِّنَا فَيَأْتُونَ آدَمَ فَيَقُولُونَ: أَنْتَ أَبُو النَّاسِ خَلَقَكَ اللَّهُ بِيَدِهِ وَأَسْجَدَ لَكَ مَلَائِكَتَهُ وَعَلَّمَكَ أَسْمَاءَ كُلِّ شَيْءٍ فَاشْفَعْ لَنَا عِنْدَ رَبِّكَ حَتَّى يُرِيحَنَا مِنْ مَكَانِنَا هَذَا فَيَقُولُ: لَسْتُ هُنَاكُمْ–وَيَذْكُرُ ذَنْبَهُ فَيَسْتَحِي–ائْتُوا نُوحًا فَإِنَّهُ أَوَّلُ رَسُولٍ بَعَثَهُ اللَّهُ إِلَى أَهْلِ الْأَرْضِ فَيَأْتُونَهُ فَيَقُولُ: لَسْتُ هُنَاكُمْ–وَيَذْكُرُ سُؤَالَهُ رَبَّهُ مَا لَيْسَ لَهُ بِهِ عِلْمٌ فَيَسْتَحِي–فَيَقُولُ: ائْتُوا خَلِيلَ الرَّحْمَنِ فَيَأْتُونَهُ فَيَقُولُ: لَسْتُ هُنَاكُمْ–ائْتُوا مُوسَى عَبْدًا كَلَّمَهُ اللَّهُ وَأَعْطَاهُ التَّوْرَاةَ فَيَأْتُونَهُ فَيَقُولُ: لَسْتُ هُنَاكُمْ–وَيَذْكُرُ قَتْلَ النَّفْسِ بِغَيْرِ نَفْسٍ فَيَسْتَحِي مِنْ رَبِّهِ–فَيَقُولُ: ائْتُوا عِيسَى عَبْدَ اللَّهِ وَرَسُولَهُ وَكَلِمَةَ اللَّهِ وَرُوحَهُ فيأتون فَيَقُولُ لَسْتُ هُنَاكُمْ-ائْتُوا مُحَمَّدًا صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَبْدًا غَفَرَ اللَّهُ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ وَمَا تَأَخَّرَ فَيَأْتُونَنِي فَأَنْطَلِقُ حَتَّى أَسْتَأْذِنَ عَلَى رَبِّي فَيُؤْذَنَ فَإِذَا رَأَيْتُ رَبِّي وَقَعْتُ ساجدًا فَيَدَعُنِي مَا شَاءَ اللَّهُ ثُمَّ يُقَالُ ارْفَعْ رَأْسَكَ وَسَلْ تُعْطَهْ وَقُلْ يُسْمَعْ وَاشْفَعْ تُشَفَّعْ فَأَرْفَعُ رَأْسِي فَأَحْمَدُهُ بِتَحْمِيدٍ يُعَلِّمُنِيهِ ثُمَّ أَشْفَعُ فَيَحُدُّ لِي حَدًّا فَأُدْخِلُهُمْ الْجَنَّةَ ثُمَّ أَعُودُ إِلَيْهِ فَإِذَا رَأَيْتُ رَبِّي (فَأَقَعُ سَاجِدا) مِثْلَهُ ثُمَّ أَشْفَعُ فَيَحُدُّ لِي حَدًّا فَأُدْخِلُهُمْ الْجَنَّةَ ثُمَّ أَعُودُ الثَّالثة ثُمَّ أعود الرَّابِعَةَ فَأَقُولُ مَا بَقِيَ فِي النَّارِ إِلَّا مَنْ حَبَسَهُ الْقُرْآنُ وَوَجَبَ عَلَيْهِ الْخُلُودُ

(رواه البخاري وكذلك مسلم والترمذى وابن ماجه).

وفي رواية آخر لبخاري زيادة هي: قال النبي صلى الله عليه وسلم: يَخْرُجُ مِن النَّارِ مَنْ قَالَ لَا إِلَهَ إِلَّا اللَّهُ وَكَانَ فِي قَلْبِهِ مِنْ الْخَيْرِ مَا يَزِنُ شَعِيرَةً ثُمَّ يَخْرُجُ مِنْ النَّارِ مَنْ قَالَ لَا إِلَهَ إِلَّا اللَّهُ وَكَانَ فِي قَلْبِهِ مِنْ الْخَيْرِ مَا يَزِنُ بُرَّةً ثُمَّ يَخْرُجُ مِنْ النَّارِ مَنْ قَالَ لَا إِلَهَ إِلَّا اللَّهُ وَكَانَ فِي قَلْبِهِ مِنْ الْخَيْرِ مَا يَزِنُ ذَرَّةً

അനസി(റ)ൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: സത്യവിശ്വാസികൾ പുനരുത്ഥാനനാളിൽ സമ്മേളിച്ചുകൊണ്ട് പറയും, നമുക്ക് നമ്മുടെ നാഥന്റെയടുക്കലേക്ക് ശുപാർശ നടത്തിയാലോ? അങ്ങനെ അവർ ആദമിനെ സമീപിച്ചു പറയുന്നു. താങ്കൾ മനുഷ്യവംശത്തിന്റെ പിതാവാണ്. താങ്കളെ അല്ലാഹു അവന്റെ കരംകൊണ്ട് സൃഷ്ടിച്ചു. അവന്റെ മലക്കുകളെ അവൻ താങ്കൾക്ക് മുമ്പിൽ സാഷ്ടാംഗം ചെയ്യിച്ചു. എല്ലാ വസ്തുക്കളുടെയും നാമം അവൻ താങ്കൾക്ക് പഠിപ്പിക്കുകയും ചെയ്തു. അതിനാൽ ഞങ്ങളുടെ ഈ സ്ഥാനത്തുനിന്ന് ഞങ്ങൾക്കൊരു ആശ്വാസം ലഭിക്കുവാൻവേണ്ടി താങ്കളുടെ നാഥന്റെയടുക്കൽ ഞങ്ങൾ ക്കുവേണ്ടി ശുപാർശ ചെയ്താലും. അപ്പോൾ അദ്ദേഹം പറയുന്നു: ഞാൻ അത്തരമൊരു അവസ്ഥയിലല്ല ഉള്ളത്- അദ്ദേഹം തന്റെ പാപത്തെക്കുറിച്ച് സ്മരിക്കുകയും ലജ്ജിക്കുകയും ചെയ്യുന്നു. നിങ്ങൾ നൂഹിനെ സമീപിക്കുക. ഭൂമിയിലെ നിവാസികളിലേക്ക് നിയോഗിതനായ പ്രഥമ ദൂതനാണദ്ദേഹം. അങ്ങനെ അവർ അദ്ദേഹത്തെ സമീപിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്നു: ഞാൻ അത്തരമൊരു അവസ്ഥയിലല്ല ഉള്ളത്. തനിക്ക് യാതൊരു അറിവുമില്ലാത്ത കാര്യത്തിൽ അല്ലാഹുവിനോട് ചോദിച്ചതിനെക്കുറിച്ച് അദ്ദേഹം സ്മരിക്കുകയും ലജ്ജിക്കുകയും ചെയ്യുന്നു. (1)

അപ്പോൾ അദ്ദേഹം പറയുന്നു: നിങ്ങൾ പരമകാരുണികന്റെ സ്നേഹിതനെ (ഇബ്റാഹീം നബി) സമീപിക്കൂ. ഉടനെ അവർ അദ്ദേഹത്തെ സമീപിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്നു: ഞാനത്തരമൊരു അവസ്ഥയില ല്ല ഉള്ളത്, നിങ്ങൾ മൂസയെ സമീപിക്കൂ. അല്ലാഹു നേരിൽ സംസാരിച്ച ദാസനാണദ്ദേഹം. അദ്ദേഹത്തിന് 'തൗറാത്ത്' നൽകുകയും ചെയ്തിരിക്കുന്നു. അങ്ങനെ അവർ അദ്ദേഹത്തെ സമീപിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്നു: ഞാൻ അത്തരമൊരു അവസ്ഥയിലല്ല ഉള്ളത്. ഒരാ

1. നൂഹ് നബി(അ)യുടെ കാലത്തുണ്ടായ പ്രസിദ്ധമായ വെള്ളപ്പൊക്കത്തിൽ, അദ്ദേഹത്തിന്റെ സ്വന്തക്കാരെയും കപ്പലിൽ കയറ്റിക്കൊള്ളുവാൻ അല്ലാഹു അദ്ദേഹത്തോട് കല്പിച്ചിരുന്നു. ഇതിൽ തന്റെ മകൻ മുങ്ങിച്ചത്തുപോകുന്നത് കണ്ടപ്പോൾ അദ്ദേഹം അല്ലാഹുവോട് പ്രാർഥിച്ചു. 'നാഥാ, എന്റെ മകൻ എന്റെ സ്വന്തക്കാരിൽപെട്ടവനാണല്ലോ' എന്ന്. എന്നാൽ അദ്ദേഹത്തിന്റെ മകൻ ദുർവൃത്തനും അവിശ്വാസിയുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ സ്വന്തക്കാരിൽ പെട്ടവനായി അല്ലാഹു ഗണിക്കുകയുണ്ടായില്ല. അവിശ്വാസികളാരും തന്നെ പ്രവാചകന്മാരുടെ സ്വന്തക്കാരിൽ ഉൾപ്പെടുകയില്ലെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. കപ്പലിൽ കയറിയവർ രക്ഷപ്പെടുമെന്നുള്ളതുകൊണ്ട് തന്റെ മകനും രക്ഷപ്പെടുമെന്ന് ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ. ഈ സംഭവത്തിൽ അല്ലാഹു നൂഹ് നബിയെ ഗുണദോഷിക്കുകയും ശാസിക്കുകയും ചെയ്തു. ഇതാണ് ഇവിടെ അദ്ദേഹം ഉദ്ദേശിക്കുന്നത്. തന്റെ പക്കൽ വന്നുപോയ വീഴ്ച ബോധ്യം വന്നപ്പോൾ അദ്ദേഹം അല്ലാഹുവോട് പശ്ചാത്തപിക്കുകയും ചെയ്യുകയുണ്ടായി. വിശദ വിവരത്തിന് സൂറതുൽ ഹൂദ് 45,46 ആയത്തുകളുടെ വ്യാഖ്യാനം നോക്കുക. (വിശുദ്ധ ഖുർആൻ വിവരണം 2:1469, മുഹമ്മദ് അമാനി മൗലവി)

ത്മാവിനു പകരമല്ലാതെ മറ്റൊരാത്മാവിനെ വധിച്ചുകളഞ്ഞതിനെ കുറിച്ചദ്ദേഹം സ്മരിക്കുകയും തന്റെ നാഥനിൽ നിന്നദ്ദേഹം ലജ്ജിക്കുകയും ചെയ്യുന്നു. (1)

അപ്പോൾ അദ്ദേഹം പറയുന്നു: നിങ്ങൾ ഈസയെ സമീപിക്കുക. അല്ലാഹുവിന്റെ ദാസനും ദൂതനുമാണദ്ദേഹം. അല്ലാഹുവിന്റെ വചനവും ആത്മാവുമാണ്. അങ്ങനെ അവർ അദ്ദേഹത്തെ സമീപിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്നു: ഞാൻ അത്തരമൊരു അവസ്ഥയിലല്ല ഉള്ളത്. നിങ്ങൾ മുഹമ്മദി(സ്വ)നെ സമീപിക്കൂ. തന്റെ മുൻകാലപാപങ്ങളും പിൻകാലപാപങ്ങളുമെല്ലാം അല്ലാഹു പൊറുത്തുകൊടുത്ത ദാസനാണദ്ദേഹം. അങ്ങനെ അവർ എന്നെ സമീപിക്കുന്നു. അങ്ങനെ എന്റെ നാഥനോട് അനുമതി തേടുന്നതിനുവേണ്ടി പോകുന്നു, അനുമതി ലഭിക്കുകയും ചെയ്യുന്നു. ഞാനെന്റെ നാഥനെ കണ്ടപ്പോൾ സാഷ്ടാംഗം ചെയ്തുകൊണ്ട് അവന്റെ മുന്നിൽ വീഴുന്നു. അപ്പോൾ അല്ലാഹു ഉദ്ദേശിച്ച അത്രയും സമയം അവനെന്നെ അങ്ങനെ തന്നെ വിട്ടേക്കുന്നു. പിന്നീട് വിളംബരം ചെയ്യപ്പെടുന്നു: 'നിന്റെ ശിരസ്സ് ഉയർത്തുക. ചോദിക്കുക! നൽകപ്പെടുന്നതാണ്. പറയുക, കേൾക്കപ്പെടുന്നതാണ്. ശുപാർശ ചെയ്യുക, നൽകപ്പെടുന്നതാണ്'. അപ്പോൾ ഞാനെന്റെ ശിരസ്സുയർത്തി. അവനെന്നെ പഠിപ്പിച്ച സ്തുതിവാക്കുകൾകൊണ്ട് ഞാനവനെ സ്തുതിക്കുന്നതാണ്. പിന്നീട് ഞാൻ ശുപാർശ നടത്തുന്നു. അപ്പോൾ എനിക്ക് ഒരു പരിധി നിർണയിച്ചുതരുന്നു. അവരെ ഞാൻ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നു. പിന്നെയും ഞാൻ അവന്റെ അടുക്കലേക്ക് മടങ്ങുന്നു. ഞാനെന്റെ നാഥനെ കണ്ടപ്പോൾ നേരത്തെപ്പോലെ (സാഷ്ടാംഗം ചെയ്യുന്നവനായി വീഴുന്നു). പിന്നെ ഞാൻ ശുപാർശ ചെയ്യുന്നു. അപ്പോൾ അവനെനിക്ക് ഒരു പരിധി നിർണയിച്ചുതരുന്നു. അവരെ ഞാൻ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. പിന്നെ മൂന്നാമതും നാലാമതും ഞാൻ അവന്റെ അടുക്കലേക്ക് മടങ്ങുന്നു. അങ്ങനെ ഞാൻ പറയുന്നു: ഖുർആൻ തടഞ്ഞുനിർത്തിയവരും ('അതിൽ ശാശ്വതമായിരിക്കും' എന്ന

1. മൂസാ(അ) ഒരു ദിവസം പട്ടണത്തിൽ വന്നപ്പോൾ തന്റെ വംശക്കാരനായ ഒരു ഇസ്റാഈല്യനും ഒരു ഖിബ്തി വംശജനും തമ്മിൽ ശണ്ഠകൂടുന്നതായി കണ്ടു. അപ്പോൾ ആ ഇസ്റാഈല്യൻ തന്റെ സഹായത്തിനുവേണ്ടി മൂസാ(അ)യെ ക്ഷണിച്ചു. അരോഗ ദൃഢഗാത്രനായ മൂസാ(അ) ആ ഖിബ്തിയെ ഖക്തിയായൊന്നു കൊടുത്തു. അതോടുകൂടി അവന്റെ കഥ കഴിയുകയും ചെയ്തു. ഒട്ടും പ്രതീക്ഷിക്കാതെയായിരുന്നുവെങ്കിലും സംഭവിച്ചത് അങ്ങനെയായിരുന്നു. ഈ സംഭവത്തിൽ മൂസാ(അ)ക്ക് ഖേദം തോന്നുകയും അല്ലാഹുവിനോട് തന്റെ വീഴ്ച പൊറുത്തുതരുവാൻ അദ്ദേഹം പ്രാർഥിക്കുയും ചെയ്തു. ഈ സംഭവത്തെയാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. വിശദവിവരത്തിന് സൂറതുൽ ഖസ്വ്വ് 15,16 സൂക്തങ്ങളും അതിന്റെ വ്യാഖ്യാനവും നോക്കുക. (വി.ഖു വിവരണം മർഹൂം മുഹമ്മദ് അമാനി മൗലവി 3:2428)

ക്വുർആൻ പ്രയോഗമാണ് ഉദ്ദേശിക്കുന്നത് – വിവർത്തകൻ) നരകത്തിൽ ശാശ്വതവാസം നിർബന്ധമായിത്തീർന്നവരുമല്ലാതെ ഇനി നരകത്തിൽ അവശേഷിക്കുന്നില്ല. (ബുഖാരി, മുസ്‌ലിം, തിർമിദി, ഇബ്നുമാജ)

ബുഖാരിയുടെ തന്നെ മറ്റൊരു നിവേദനപ്രകാരം നബി(സ്വ) പറഞ്ഞത് ഇങ്ങനെയാണ്: ലാഇലാഹ ഇല്ലല്ലാ (അല്ലാഹു അല്ലാതെ ആരാധ്യനില്ല) എന്ന് പറഞ്ഞവനും തന്റെ മനസ്സിൽ ഒരു ബാർലി മണിയോ ളം തൂക്ക ത്തിൽ നന്മയുള്ളവനും നരകത്തിൽനിന്ന് പുറത്തുകടക്കുന്നതാണ്. പിന്നെ 'ലാഇലാഹ ഇല്ലല്ലാ' ചൊല്ലിയവനും തന്റെ മനസ്സിൽ ഒരു ഗോതമ്പ് മണിയോളം തൂക്കത്തിൽ നന്മയുള്ളവനും നരകത്തിൽ നിന്ന് പുറത്തു കടക്കുന്നതാണ്. പിന്നെ 'ലാ ഇലാഹ ഇല്ലല്ലാ' ചൊല്ലിയവനും തന്റെ മന സ്സിൽ ഒരു അണുത്തൂക്കം നന്മയുള്ളവനും നരകത്തിൽ നിന്ന് പുറ ത്തുകടക്കുന്നതാണ്.

## 37

عَنْ أَبِي هُرَيْرَةَ (ر) قَالَ: قَالَ رَسُولُ اللَّه صَلَّى اللَّهُ عَلَيْهِ وَسَلَّمَ: يَقُولُ اللَّهُ تعالى: أَعْدَدْتُ لِعِبَادِي الصَّالِحِينَ مَا لَا عَيْنٌ رَأَتْ وَلَا أُذُنٌ سَمِعَتْ وَلَا خَطَرَ عَلَى قَلْبِ بَشَرٍ فَاقْرَءُوا إِنْ شِئْتُمْ "فَلَا تَعْلَمُ نَفْسٌ مَا أُخْفِيَ لَهُمْ مِنْ قُرَّةِ أَعْيُنٍ" (رواه البخاري ومسلم والترمذى وابن ماجه)

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അല്ലാഹു പറഞ്ഞു: സുകൃതവാന്മാരായ എന്റെ ദാസന്മാർക്ക് വേണ്ടി ഞാൻ തയ്യാർ ചെയ്തിരിക്കുന്നത്, ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യമനസ്സും വിഭാവനം ചെയ്തി ട്ടില്ലാത്തതുമായ സുഖസൗകര്യങ്ങളാണ്. നിങ്ങളുദ്ദേശിക്കുന്നുവെങ്കിൽ ഇത് പാരായണം ചെയ്യുക: ഫലാ തഅ്ലമു നഫ്സുൻ മാ ഉഖ്ഫി യ ലഹും മിൻ കുർറതി അഅ്യുനിൻ (സജദ: 17). "ഒരു മനുഷ്യാത്മാവി നുമറിയില്ല, കൺകുളിർമയായി അവർക്ക് ഗോപ്യമാക്കപ്പെട്ടത് എന്താ ണെന്ന്"(2) (ബുഖാരി, മുസ്‌ലിം, തിർമിദി, ഇബ്നുമാജ)

## 38

عَنْ أَبِي هُرَيْرَةَ (ر) عَنْ رَسُولِ اللَّه صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: لَمَّا خَلَقَ اللَّهُ الْجَنَّةَ وَالنَّارَ أَرْسَلَ جِبْرِيلَ إِلَى الْجَنَّةِ فَقَالَ: انْظُرْ إِلَيْهَا وَإِلَى مَا أَعْدَدْتُ لِأَهْلِهَا فِيهَا قَالَ:

2. 'ഫക്റഊ ഇൻ ശിഅ്തും' എന്നത് അബൂഹുറയ്റയുടെ വാക്കാകുന്നു.

فَجَاءَهَا وَنَظَرَ إِلَيْهَا وَإِلَى مَا أَعَدَّ اللَّهُ لِأَهْلِهَا فِيهَا قَالَ فَرَجَعَ إِلَيْهِ قَالَ: فَوَعِزَّتِكَ لَا يَسْمَعُ بِهَا أَحَدٌ إِلَّا دَخَلَهَا فَأَمَرَ بِهَا فَحُفَّتْ بِالْمَكَارِهِ فَقَالَ: ارْجِعْ إِلَيْهَا فَانْظُرْ إِلَى مَا أَعْدَدْتُ لِأَهْلِهَا فِيهَا قَالَ فَرَجَعَ إِلَيْهَا فَإِذَا هِيَ قَدْ حُفَّتْ بِالْمَكَارِهِ فَرَجَعَ إِلَيْهِ فَقَالَ وَعِزَّتِكَ لَقَدْ خِفْتُ أَنْ لَا يَدْخُلَهَا أَحَدٌ قَالَ: اذْهَبْ إِلَى النَّارِ فَانْظُرْ إِلَيْهَا وَإِلَى مَا أَعْدَدْتُ لِأَهْلِهَا فِيهَا فَإِذَا هِيَ يَرْكَبُ بَعْضُهَا بَعْضًا فَرَجَعَ إِلَيْهِ فَقَالَ: وَعِزَّتِكَ لَا يَسْمَعُ بِهَا أَحَدٌ فَيَدْخُلَهَا فَأَمَرَ بِهَا فَحُفَّتْ بِالشَّهَوَاتِ فَقَالَ ارْجِعْ إِلَيْهَا فَرَجَعَ إِلَيْهَا فَقَالَ وَعِزَّتِكَ لَقَدْ خَشِيتُ أَنْ لَا يَنْجُوَ مِنْهَا أَحَدٌ إِلَّا دَخَلَهَا (رواه الترمذى وقال حديث حسن صحيح وكذلك أبوداود والنسائي)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: റസൂൽ(സ്വ) പറഞ്ഞു: അല്ലാഹു സ്വർഗ-നരകങ്ങൾ സൃഷ്ടിച്ചു. ജിബ്രീലിനെ സ്വർഗത്തിലേക്കയച്ചുകൊണ്ട് പറഞ്ഞു. അതിലേക്കും അതിന്റെ അവകാശികൾക്കുവേണ്ടി ഞാൻ തയ്യാറാക്കിയിരിക്കുന്നതിലേക്കും നോക്കുക. അദ്ദേഹം (പ്രവാചകൻ) പറഞ്ഞു: അങ്ങനെ ജിബ്രീൽ പോയി സ്വർഗത്തിലേക്കും അതിന്റെ അവകാശികൾക്കുവേണ്ടി സജ്ജമാക്കിയതിലേക്കും നോക്കി. അദ്ദേഹം അല്ലാഹുവിന്റെയടുക്കലേക്ക് തന്നെ മടങ്ങിയെത്തിക്കൊണ്ട് പറഞ്ഞു: നിന്റെ മഹത്വത്തെ ഞാൻ പ്രകീർത്തിക്കുന്നു. അതിനെക്കുറിച്ച് കേൾക്കുന്നവരാരും തന്നെ അതിൽ പ്രവേശിക്കാതിരിക്കില്ല. ഉടനെ, വിഷമകരമായ കാര്യങ്ങളാൽ അത് (സ്വർഗം) വലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് അവൻ ആജ്ഞ പുറപ്പെടുവിക്കുന്നു. അനന്തരം അവൻ പറഞ്ഞു: അവിടേക്ക് തന്നെ മടങ്ങി അതിന്റെ അവകാശികൾക്കുവേണ്ടി ഞാൻ എന്ത് സജ്ജമാക്കിയിരിക്കുന്നുവെന്ന് നോക്കുക. അദ്ദേഹം(പ്രവാചകൻ) പറഞ്ഞു: അങ്ങനെ അദ്ദേഹം അവിടേക്ക് തന്നെ മടങ്ങിനോക്കുമ്പോൾ വിഷമകരമായ കാര്യങ്ങളാൽ അത് വലയം ചെയ്യപ്പെട്ടതായി കണ്ടു. അപ്പോൾ അവന്റെയടുക്കലേക്ക് തന്നെ മടങ്ങിച്ചെന്ന് പറഞ്ഞു: നിന്റെ പ്രതാപത്തെ ഞാൻ വാഴ്ത്തുന്നു. ആരുംതന്നെ അതിൽ പ്രവേശിക്കുകയില്ലേയെന്ന് ഞാൻ ഭയപ്പെടുന്നു.

‘നരകത്തിലേക്കുപോയി, അതിലേക്കും അതിന്റെ അവകാശികൾക്കുവേണ്ടി സജ്ജമാക്കിയതിലേക്കും നോക്കുക’യെന്ന് അവൻ പറഞ്ഞു: അപ്പോഴത് ഒന്നിനുമീതെ ഒന്നായി അടുക്കുകളാക്കി നിർത്തിയിരിക്കുന്നതുകണ്ട് അദ്ദേഹം (ജിബ്രീൽ) അവന്റെയടുക്കലേക്ക് തന്നെ മടങ്ങിച്ചെന്നുകൊണ്ട് പറഞ്ഞു: നിന്റെ പ്രതാപത്തെ ഞാൻ വാഴ്ത്തുന്നു. അതിനെക്കുറിച്ച് കേൾക്കുന്നവരാരും തന്നെ അതിൽ പ്രവേശിക്കുകയില്ല. ഉട

നെ, ദേഹേച്ഛകളാൽ അത് വലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് അവൻ ഉത്തരവ് പുറപ്പെടുവിക്കുന്നു. അവൻ പറഞ്ഞു: അങ്ങോട്ടുതന്നെ മടങ്ങുക. അപ്പോൾ അദ്ദേഹം (ജിബ്രീൽ)അങ്ങോട്ട് തന്നെ മടങ്ങി. എന്നിട്ട ദ്ദേഹം പറഞ്ഞു: നിന്റെ പ്രതാപത്തെ ഞാൻ വാഴ്ത്തുന്നു. അതിൽ (നരകം) പ്രവേശിച്ചല്ലാതെ ആ രും പുറത്ത് കടക്കുകയില്ലെന്ന് ഞാൻ ഭയപ്പെടുന്നു. (തിർമിദി, അബൂദാവൂദ്, നസാഈ)

## 39

عَنْ أَبِي سَعِيد الْخُدْرِيِّ (ر) عن النبي صَلَّى اللَّهُ عَلَيْه وَسَلَّمَ قال: احْتَجَّتْ الْجَنَّةُ وَالنَّارُ: فَقَالَتْ النَّارُ فِيَّ الْجَبَّارُونَ وَالْمُتَكَبِّرُونَ وَقَالَتْ الْجَنَّةُ: فِيَّ ضُعَفَاءُ النَّاسِ وَمَسَاكِينُهُمْ فقَضَى اللَّهُ بَيْنَهُمَا إِنَّكِ الْجَنَّةُ رَحْمَتِي أَرْحَمُ بِكِ مَنْ أَشَاءُ وَإِنَّكِ النَّارُ عَذَابِي أُعَذِّبُ بِكِ مَنْ أَشَاءُ وَلِكِلَيْكُمَا عَلَيَّ مِلْؤُهَا (رواه مسلم وكذلك البخاري والترمذى)

അബൂസഈദിൽ ഖുദ്രിയ്യി(റ)ൽ നിന്ന് നിവേദനം നബി(സ്വ) പറഞ്ഞു: സ്വർഗവും നരകവും പരസ്പരം വാഗ്വാദം നടത്തി. നരകം പറഞ്ഞു: സ്വേച്ഛാധിപതികളും അഹങ്കാരികളുമെല്ലാം എന്നിലാണ്. സ്വർഗം പറഞ്ഞു: എന്നിലാണ് മനുഷ്യരിലെ ദുർബലരും സാധുക്കളുമായിട്ടുള്ളവർ. അപ്പോൾ അല്ലാഹു അവ രണ്ടിനുമിടയിൽ വിധി തീർപ്പു നടത്തി. നീ, സ്വർഗം എന്റെ കാരുണ്യമാണ്. ഞാനുദ്ദേശിക്കുന്നവർക്ക് നീ മുഖേന ഞാൻ കരുണ ചെയ്യുന്നതാണ്. നീ, നരകം എന്റെ ശിക്ഷയാണ്. ഞാൻ ഉദ്ദേശിക്കുന്നവരെ നീ മുഖേന ഞാൻ ശിക്ഷിക്കുന്നതാണ്. നിങ്ങൾ രണ്ടിനെയും നിറയ്ക്കാനുള്ള ബാധ്യത എന്റേതാണ് (മുസ്‌ലിം, ബുഖാരി, തിർമിദി).

## 40

عَنْ أَبِي سَعِيد الْخُدْرِيِّ (ر) قَالَ: قَالَ رَسُولُ اللَّه صَلَّى اللَّهُ عَلَيْه وَسَلَّمَ: إِنَّ اللَّهَ يَقُولُ لِأَهْلِ الْجَنَّة يا أَهْلَ الْجَنَّة فَيَقُولُونَ: لَبَّيْكَ رَبَّنَا وَسَعْدَيْكَ وَالْخَيْرُ فِي يَدَيْكَ فَيَقُولُ: هَلْ رَضِيتُمْ فَيَقُولُونَ: وَمَا لَنَا لَا نَرْضَى يا ربُّ وَقَدْ أَعْطَيْتَنَا مَا لَمْ تُعْطِ أَحَدًا مِنْ خَلْقِكَ فَيَقُولُ: أَلَا أُعْطِيكُمْ أَفْضَلَ مِنْ ذَلِكَ؟ فَيَقُولُون: يَا رَبِّ وَأَيُّ شَيْءٍ أَفْضَلُ مِنْ ذَلِكَ؟ فَيَقُولُ: أُحِلُّ عَلَيْكُمْ رِضْوَانِي فَلَا أَسْخَطُ عَلَيْكُمْ بَعْدَهُ أَبَدًا (رواه البخاري وكذلك مسلم والترمذى)

**40.** അബൂസഈദിൽ ഖുദ്രിയ്യി(റ)ൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: അല്ലാഹു സ്വർഗവാസികളെ വിളിക്കും. ‘സ്വർഗവാസികളേ’, അപ്പോൾ അവർ മറുപടി പറയും: ഞങ്ങളുടെ നാഥാ, ഞങ്ങൾ നിന്റെ അനുഗ്രഹത്തിലാണ്. നന്മ നിന്റെ കരങ്ങളിലാണ്. അവൻ ചോദിക്കും: “നിങ്ങൾ സംതൃപ്തരാണോ?”. അവർ പറയും: ഞങ്ങൾ എന്തിനാണ് തൃപ്തിപ്പെടാതിരിക്കുന്നത്. നിന്റെ സൃഷ്ടികളിൽ ആർക്കും നീ നൽകി യിട്ടില്ലാത്തത് ഞങ്ങൾക്ക് നീ നൽകിയിരിക്കുന്നുവല്ലോ. അപ്പോൾ അവൻ പറയും: അതിനെക്കാൾ മെച്ചമായത് ഞാൻ നിങ്ങൾക്ക് നൽകട്ടെയോ? അപ്പോൾ അവർ പറയും: നാഥാ, അതിനെക്കാൾ എന്താണുള്ളത്? അവൻ പറയും: എന്റെ തൃപ്തി നിങ്ങൾക്കുമേൽ ഞാൻ ചൊരിയുന്നു. ഇനിമേൽ ഒരിക്കലും നിങ്ങളോട് ഞാൻ കോപിക്കുകയില്ല. (ബുഖാരി, മുസ്ലിം, തിർമിദി)